# കേരള സർക്കാർ

# സംസ്ഥാന  വനിതാനയം

# ആമുഖം

## സ്ത്രീ-ഇന്ത്യൻ അവസ്ഥ

1. ജാതി-മത-വർഗ്ഗ-വർണ്ണ-ലിംഗ വ്യത്യാസമില്ലാതെ എല്ലാ പൗരർക്കും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉറപ്പു നൽകുന്ന ഭരണഘടനയുള്ള രാജ്യമാണ് ഇന്ത്യ. സമൂഹത്തിൽ നാനാതരം വിവേചനങ്ങളേറ്റു വാങ്ങുന്ന സ്ത്രീകൾക്ക് ലിംഗപദവി സമത്വം ഉറപ്പാക്കുന്നതിനായി സവിശേഷ സംരക്ഷണവും അവസരങ്ങളും അനുവദിക്കുന്ന നിരവധി വകുപ്പുകൾ ഇന്ത്യൻ ഭരണഘടനയിലുണ്ട്. ഇതിനനുസൃതമായി സ്വാതന്ത്ര്യാനന്തരമുള്ള ആറു ദശകങ്ങളിൽ ഒട്ടേറെ സംരക്ഷണ നിയമങ്ങളും ഭരണപരമായ നടപടികളും രാജ്യത്ത് നിലവിൽ വരികയുണ്ടായി. സ്ത്രീകൾക്കെതിരായ എല്ലാ വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള ഐക്യരാഷ്ട്രസഭയുടെ സീഡോ ഉടമ്പടിയിൽ ഒപ്പുവെച്ച രാജ്യമാണ് ഇന്ത്യ. അതുകൊണ്ടു തന്നെ ഭരണഘടന അനുശാസിക്കുന്നവിധത്തിൽ, സ്ത്രീകൾ നേരിടുന്ന വിവേചനങ്ങൾ അവസാനിപ്പിച്ച് സമൂഹത്തിന്റെ എല്ലാ മേഖലകളിലും ലിംഗപദവിതുല്യത ഉറപ്പാക്കുന്നതിന് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ബാദ്ധ്യസ്ഥരാണ്. എന്നാൽ വിവേചനങ്ങളിൽ നിന്നും സ്ത്രീകൾക്ക് പൂർണ്ണമായും മോചനം ലഭിക്കുന്നതിനോ നിയമങ്ങൾ നൽകുന്ന സംരക്ഷണം പോലും പൂർണ്ണമായി അനുഭവിക്കുന്നതിനോ ഇനിയും കഴിയാത്ത സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക അന്തരീക്ഷമാണ് രാജ്യത്തു നിലനിൽക്കുന്നത്. ജാതിമേധാവിത്വത്തിന്റെയും ഭൂപ്രഭുത്വത്തിന്റെയും അധികാരബന്ധങ്ങളും പരമ്പരാഗത ആൺകോയ്മാ മൂല്യബോധവും ചേർന്ന് സൃഷ്ടിച്ച ലിംഗവിവേചനത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്ന് ഇന്ത്യൻ സ്ത്രീ ഇനിയും മോചിതയായിട്ടില്ല. രണ്ടു ദശകത്തോളമായി ഇന്ത്യയിൽ നടപ്പാക്കി വരുന്ന ആഗോളവത്കരണ സാമ്പത്തിക നയങ്ങൾ ചൂഷണത്തിന്റെ പുതിയ ചങ്ങലകൾ സ്ത്രീകൾക്കായി തീർക്കുകയും ചെയ്തിരിക്കുന്നു. ഈ വിഷമവൃത്തത്തിൽ നിന്ന് സ്ത്രീ സമൂഹത്തെ സ്വതന്ത്രമാക്കണമെങ്കിൽ ഭരണരംഗത്തും സാമൂഹ്യ-സാംസ്കാരിക മേഖലകളിലും ലിംഗപദവി തുല്യത ഉറപ്പാക്കുന്ന സമഗ്രവും ഫലപ്രദവുമായ ഇടപെടലുകളാണ് രാജ്യം ആവശ്യപ്പെടുന്നത്.

## കേരളത്തിലെ സ്ത്രീ പദവി-വെല്ലുവിളികൾ

**2.** ഇന്ത്യയിലെ സ്ത്രീകളുടെ പൊതുസ്ഥിതിയുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യസ്തമായൊരു വളർച്ചയുടെ ചരിത്രവും സമകാലിക ചിത്രവുമാണ് കേരളത്തിലെ സ്ത്രീപദവി സംബന്ധിച്ച് കാണാൻ കഴിയുന്നത്. കേരളസമൂഹത്തെ അടിമുടി മാറ്റിമറിക്കാൻ പര്യാപ്തമായവിധം ഒന്നര നൂറ്റാണ്ടിലധികം നീണ്ടു നിന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുടെയും നവോത്ഥാന പ്രക്രിയയുടെയും അവകാശസമരങ്ങളുടെയും, അവയുടെ തുടർച്ചയായി തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സർക്കാരുകളുടെ ഭരണനടപടികളുടെയും പ്രതിഫലനമാണ് കേരളത്തിലെ സ്ത്രീജീവിതത്തിലും കാണുന്നത്. എന്നാൽ ആരോഗ്യ-വിദ്യാഭ്യാസ-സാമൂഹ്യക്ഷേമരംഗങ്ങളിൽ കേരളത്തിലെ സ്ത്രീ സമൂഹം നേടിയിട്ടുള്ള മുൻകയ്യും താരതമ്യേന മെച്ചപ്പെട്ട ജീവിതഗുണ നിലവാരവും അംഗീകരിക്കുമ്പോൾ തന്നെ കേരളത്തിലെ സ്ത്രീകൾ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ടെന്നും ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിന് ഇനിയും കേരളത്തിൽ കഴിഞ്ഞിട്ടില്ലെന്നുമുള്ള ദൗർബല്യം തിരിച്ചറിയേണ്ടതുണ്ട്. കേരള വികസനത്തിന്റെ വൈരുദ്ധ്യങ്ങളെന്ന് ഗവേഷകർ ചൂണ്ടിക്കാണിച്ചിട്ടുള്ള ഈ പരിമിതികൾ മറികടന്നുകൊണ്ടല്ലാതെ ലിംഗപദവി തുല്യതയിലേക്ക് കേരളസമൂഹത്തെ നയിക്കാനാവില്ല.

## ആരോഗ്യം

**3.** ഇന്ത്യയിലെ ഏറ്റവും ഉയർന്ന സ്ത്രീപുരുഷാനുപാതമാണ് കേരളത്തിന്റേത് (1000 പുരുഷന്മാർ-1058 സ്ത്രീകൾ). അതായത് ജനസംഖ്യയിൽ 51.4 ശതമാനം സ്ത്രീകളാണ്. സ്ത്രീപുരുഷാനുപാതത്തിൽ ഇന്ത്യൻ ശരാശരിയാകട്ടെ 1000 പുരുഷന്മാർ-933 സ്ത്രീകൾ എന്നതാണ്. കേരള

ത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട ആരോഗ്യനില ചൂണ്ടിക്കാട്ടുന്നതിനായി പല സൂചകങ്ങൾ ഉപയോഗിക്കാറുണ്ട്. കേരളത്തിലെ സ്ത്രീയുടെ ശരാശരി ആയുർദൈർഘ്യം (76 വയസ്സ്) ഇന്ത്യൻ ശരാശരിയേക്കാൾ (61.8) വളരെ ഉയർന്നതാണ്. ഇന്ത്യയിലെ ശിശുമരണനിരക്ക് ആയിരം കുഞ്ഞുങ്ങൾക്ക് 58 എന്നാണെങ്കിൽ കേരളത്തിലേത് ആയിരം കുഞ്ഞുങ്ങൾക്ക് 15 എന്നതാണ്. 2005-06 ദേശീയ കുടുംബാരോഗ്യ സർവ്വെ പ്രകാരം ഏതാണ്ട് എല്ലാ പ്രസവങ്ങളും (99%) കേരളത്തിൽ ആശുപത്രികളിലാണ് നടക്കുന്നത്. 1950കളിൽ അഞ്ചിനു മുകളിലായിരുന്ന കേരളത്തിലെ സ്ത്രീകളുടെ പ്രത്യുല്പാദന നിരക്ക് 2005-06 -ലെ കണക്കനുസരിച്ച് നഗരങ്ങളിൽ 1.7 ആയും ഗ്രാമങ്ങളിൽ 2.0 ആയും കുറഞ്ഞു. കേരളത്തിൽ 25-49 വയസ്സിനിടയിലെ പെൺകുട്ടികളുടെ ശരാശരി വിവാഹപ്രായം 21 ആണ്.

**4.** എന്നാൽ ഈ നേട്ടങ്ങൾക്കൊപ്പം തന്നെ കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യപദവി നേരിടുന്ന വെല്ലുവിളികൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

4.1 സ്ത്രീകൾക്കിടയിൽ രോഗാതുരത വർദ്ധിക്കുന്നു. മറ്റെല്ലാ ആരോഗ്യ സൂചികകളും മെച്ചപ്പെട്ടനില കാണിക്കുമ്പോൾ പ്രസവസമയത്തെ മാതൃമരണ നിരക്കി (Maternal Mortality Ratio) -ന്റെ കാര്യത്തിൽ കേരളം ഇപ്പോഴും അപകടനില തരണം ചെയ്തിട്ടില്ല എന്ന് 2003-04 -ലെ കണക്കുകൾ കാണിക്കുന്നു (ഒരു ലക്ഷം പ്രസവത്തിന് 110 മരണം). നൂറുശതമാനം പ്രസവങ്ങളും ആശുപത്രികളിൽ നടക്കുന്നുവെന്ന് പറയുമ്പോഴും ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, മറ്റ് പിന്നാക്കാവസ്ഥ അനുഭവിക്കുന്നവർ എന്നീ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് പ്രസവസംബന്ധമായ സംരക്ഷണം പൂർണ്ണമായും നൽകാൻ കഴിയുന്നില്ല.

4.2 2005-06 ദേശീയ കുടുംബാരോഗ്യ സർവ്വെ പ്രകാരം കേരളത്തിൽ 15 നും 49 നും ഇടയിൽ പ്രായമുള്ള സ്ത്രീകളിൽ 33 ശതമാനവും വിളർച്ച ബാധിച്ചവരാണ്. ഇത് തൂക്കം കുറഞ്ഞ കുഞ്ഞുങ്ങളുടെ ജനനത്തിലേക്കു നയിക്കുന്നു എന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

4.3 അമിത വൈദ്യവത്കരണവും ചികിത്സാരംഗത്തെ വർദ്ധിക്കുന്ന സ്വകാര്യവത്കരണവും സ്ത്രീകളുടെ ആരോഗ്യ പദവിക്ക് വെല്ലുവിളിയുയർത്തുന്നുണ്ട്. അടുത്ത കാലത്ത് സിസേറിയൻ ശസ്ത്രക്രിയകളുടെ എണ്ണത്തിൽ കേരളത്തിൽ അസാധാരണമായ വർദ്ധനവ് ഉണ്ടാകുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു.

4.4 പരമ്പരാഗത തൊഴിൽമേഖലകളിലും മറ്റ് അസംഘടിത തൊഴിൽമേഖലകളിലുമെല്ലാം തൊഴിലെടുക്കുന്ന സ്ത്രീകൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങളും തൊഴിൽജന്യരോഗങ്ങളും സ്ത്രീകളുടെ ആരോഗ്യ ചർച്ചകളിൽ പരിഗണിക്കപ്പെടുന്നില്ല.

4.5 ജനനനിരക്ക് നാടകീയമായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞെങ്കിലും സ്ത്രീ കേന്ദ്രീകൃതമായ ജനനനിയന്ത്രണത്തിലാണ് ഊന്നൽ ലഭിച്ചിട്ടുള്ളത്. ഒരുവർഷം കേരളത്തിൽ ഒന്നരലക്ഷത്തിലധികം പേർ സ്ഥിരജനനനിയന്ത്രണ മാർഗം അവലംബിക്കുമ്പോൾ അതിൽ പുരുഷന്മാരുടെ വാസക്ടമി നടക്കുന്നത് 1532-ൽ 1% മാത്രമാണ്.

4.6 0-6 പ്രായവിഭാഗത്തിലെ ലിംഗാനുപാതം കേരളത്തിൽ പെൺകുട്ടികൾക്ക് പ്രതികൂലമാണെന്ന വസ്തുതയ്ക്കു പെൺഭ്രൂണഹത്യ കാരണമാകുന്നുണ്ടോ എന്നത് ഇനിയും വ്യക്തമല്ല.

4.7 സ്ത്രീകൾ ധാരാളമായി യാത്ര ചെയ്യുന്നുണ്ടെങ്കിലും അവർക്കാവശ്യമായ പബ്ലിക് ടോയ്‌ലറ്റ് സൗകര്യം നഗരങ്ങളിൽപോലും ലഭ്യമല്ല.

4.8 2007 ലെ സംസ്ഥാന ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായി നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് 9034 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. വർദ്ധിക്കുന്ന അതിക്രമം സ്ത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ബാധിക്കുന്നുണ്ട്.

4.9 മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിധവകളുടെ എണ്ണം കേരളത്തിൽ കൂടുതലാണ്. വിധവകളുടെ ശാരീരിക-മാനസികാരോഗ്യം പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്.

4.10 വൈധവ്യത്തിന്റെയും വാർദ്ധക്യത്തിന്റെയും ലിംഗവിവേചനത്തിന്റെയും പ്രശ്നങ്ങൾ നേരിടുന്നവരാണ് വൃദ്ധസ്ത്രീകൾ. ആയുർദൈർഘ്യം കൂടുതലാണ് എന്ന നേട്ടം എടുത്തുപറയുമ്പോൾ തന്നെ വൃദ്ധർക്കിടയിൽ രോഗാതുരതയും കൂടുന്നു എന്നത് അടിയന്തിര ശ്രദ്ധ ആവശ്യപ്പെടുന്ന പ്രശ്നമാണ്.

4.11 എച്ച്.ഐ.വി ബാധിതർ, മാനസികരോഗികൾ, അഗതികൾ, ലൈംഗികത്തൊഴിലാളികൾ എന്നിങ്ങനെ പൊതുധാരയിൽ നിന്ന് മാറ്റിനിർത്തപ്പെടുന്ന സ്ത്രീകളുടെ പുനരധിവാസം ഫലപ്രദമായി നടക്കുന്നില്ല.

4.12 ലൈംഗികപീഡനത്തിനിരയായ പെൺകുട്ടികളുടെ സുരക്ഷയും പുനരധിവാസവും ഒരു പ്രശ്നമായി നിലനിൽക്കുന്നു.

4.13 തടവുകാരി സ്ത്രീകളുടെ ശാരീരിക-മാനസിക ആരോഗ്യം സംബന്ധിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്നു.

4.14 അമിതവണ്ണമുള്ള സ്ത്രീകളുടെ എണ്ണത്തിൽ പഞ്ചാബിനു പിന്നിൽ രണ്ടാം സ്ഥാനത്താണ് കേരളം.

4.15 പുരുഷന്മാരുടെ മദ്യപാനശീലം കുടുംബത്തിന്റെയാകെ ശാരീരിക മാനസികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.

## വിദ്യാഭ്യാസം

**5.** കേരളത്തിലെ സ്ത്രീകളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസനില പരക്കെ അഭിനന്ദിക്കപ്പെടാറുണ്ട്. 2001 ലെ സെൻസസനുസരിച്ച് കേരളത്തിലെ സ്ത്രീസാക്ഷരത 87.7 ശതമാനമാണ്. (ഇന്ത്യൻ ശരാശരി 55%) ഇന്ത്യയിൽ സ്ത്രീസാക്ഷരതയുടെ കാര്യത്തിൽ മിസോറാം സംസ്ഥാനത്തിനു പിന്നിൽ രണ്ടാം സ്ഥാനത്താണ് കേരളത്തിന്റെ നില. എന്നാൽ തീരദേശം, ആദിവാസി, മുസ്ലീം തുടങ്ങിയ ജനവിഭാഗങ്ങൾക്കിടയിൽ സ്ത്രീസാക്ഷരത കേരള ശരാശരിയേക്കാൾ കുറവാണ്. സെക്കന്ററി, ഹയർസെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, ബി.എഡ് ടി.ടി.സി തുടങ്ങിയ കോഴ്സുകളിലെല്ലാംതന്നെ 60 മുതൽ 87 ശതമാനം വരെ പെൺകുട്ടികളുടെ പങ്കാളിത്തമുണ്ട്. എന്നാൽ ഇതുമായി താരതമ്യം ചെയ്യുമ്പോൾ എംബിബിഎസിനും (37.39%) എൻജിനീയറിംഗിനും (23.8%) സ്ത്രീപങ്കാളിത്തം കുറവാണെന്നു കാണാം. ഐ.ടി.ഐ, ഐ.ടി.സികളിൽ 10 ശതമാനത്തിൽ താഴെ മാത്രമാണ് സ്ത്രീകൾ. ഒന്നാം ക്ലാസിൽ ചേരുന്ന കുട്ടികളിൽ 49.19 ശതമാനം പെൺകുട്ടികളാണ്.

**6.** സാക്ഷരതയിലും പൊതുവിദ്യാഭ്യാസരംഗത്തും കേരളത്തിൽ സ്ത്രീകൾക്ക് മെച്ചപ്പെട്ട നില കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക സ്വാശ്രയത്വത്തിലേക്കോ ലിംഗപദവി തുല്യതയിലേക്കോ നയിക്കാൻ ഇത് പര്യാപ്തമാകുന്നില്ല എന്ന ദൗർബല്യം നിലനിൽക്കുന്നു.

6.1 പാഠ്യപദ്ധതിയിൽ ലിംഗതുല്യത സംബന്ധിച്ച് ആശയങ്ങൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പഠനാന്തരീക്ഷം പെൺകുട്ടിസൗഹൃദപരമല്ല (Girl friendly)

6.2 പെൺകുട്ടികളുടെ സവിശേഷാവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള ശുചിത്വ സംവിധാനങ്ങൾ ഇനിയും സ്കൂളുകളിൽ ഫലപ്രദമായിട്ടില്ല.

6.3 തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്തും സ്ത്രീകൾക്കു പറ്റിയത് എന്ന മുൻധാരണയിൽ ചില പ്രത്യേക ബ്രാഞ്ചുകളിലാണ് പെൺകുട്ടികൾ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതവരുടെ തൊഴിൽസാധ്യതയെ ബാധിക്കുന്നുണ്ട്.

6.4 ക്ലാസുമുറിക്കു പുറത്ത് പെൺകുട്ടികളുടെ കഴിവ്/ മികവ് പ്രകടിപ്പിക്കാൻ പറ്റിയ കലാകായിക പ്രവർത്തനങ്ങൾ സാമ്പത്തികശേഷി കുറഞ്ഞവർക്ക് അപ്രാപ്യമായ അവസ്ഥയാണ്.

6.5 സ്കൂളിലോ മറ്റ് പൊതുസ്ഥലത്തോ പെൺകുട്ടികളുടെ കായിക വളർച്ച ഉറപ്പാക്കുന്ന തരത്തിൽ പ്ലേഗ്രൗണ്ട് സൗകര്യങ്ങൾ പരിമിതമാണ്.

6.6 പരമ്പരാഗത വിഷയങ്ങളിലാണ് പെൺകുട്ടികൾ കൂടുതൽ താല്പര്യം കാണിക്കുന്നത്. തൊഴിലധിഷ്ഠിത കോഴ്സുകളിലും സാങ്കേതിക വിദ്യാഭ്യാസ മേഖലയിലും പെൺകുട്ടികളുടെ പങ്കാളിത്തം വളരെ കുറവാണ്.

6.7 പ്രൊഫഷണൽ ബിരുദമടക്കം ഉന്നത വിദ്യാഭ്യാസം നേടുമ്പോഴും വിദ്യാഭ്യാസത്തിന്റെ തുടർച്ചയായി തൊഴിൽ എന്ന ധാരണയല്ല, പെൺകുട്ടികളുടെ ഭാവിലക്ഷ്യം വിവാഹമാണ് എന്ന ധാരണയാണ് ഇന്നും പ്രബലമായിട്ടുള്ളത്.

**തൊഴിൽ**

**7.** കേരളത്തിൽ പുരുഷന്മാരുടെ തൊഴിൽപങ്കാളിത്തം 1991 ലെ സെൻസസിൽ നിന്ന് (47.6%) 2001 ലെ സെൻസസായപ്പോൾ 50.2 ശതമാനമായി വർദ്ധിച്ചെങ്കിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം 1991 ൽ നിന്ന് (15.8%) 2001 ആയപ്പോഴേക്ക് 15.4 ശതമാനമായി കുറയുകയാണ് ചെയ്തിട്ടുള്ളത്. പൊതുമേഖലയും സ്വകാര്യമേഖലയും ഉൾപ്പെടെയുള്ള സംഘടിതമേഖലയിൽ 11.46 ലക്ഷം പേർ പണിയെടുക്കുമ്പോൾ അതിൽ സ്ത്രീകൾ 4.53 ലക്ഷംപേർ മാത്രമാണ്. ഗ്രാമീണമേഖലയിൽ സ്ത്രീ തൊഴിൽപങ്കാളിത്തത്തിന്റെ ഇടിവ് കൂടുതൽ പ്രകടമാണ്. ഗ്രാമീണമേഖലയിലെ സ്ത്രീ തൊഴിൽപങ്കാളിത്തത്തിൽ സംഭവിച്ച ഇടിവിന്റെ പ്രധാന കാരണം കാർഷികമേഖലയിലെ മുരടിപ്പു തന്നെയാണ്. 1971 ൽ കേരളത്തിലെ ആകെ തൊഴിലിന്റെ മൂന്നിലൊന്നും കാർഷികമേഖലയിലായിരുന്നെങ്കിൽ ഇപ്പോഴത് പകുതി കണ്ട് കുറഞ്ഞിരിക്കുന്നു.

**8.** നഗരമേഖലയിൽ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തത്തിൽ നേരിയ വർദ്ധനവു കാണുന്നതിൽ നല്ല പങ്കും വേതനം കുറഞ്ഞ തൊഴിലുകളിലാണെന്ന് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പഠനം സൂചിപ്പിക്കുന്നു. ടെക്സ്റ്റൈൽ അടക്കമുള്ള കടകൾ, എസ്.ടി.ഡി ബൂത്തുകൾ, പെട്രോൾബങ്കുകൾ, ഡി.ടി.പി സെന്ററുകൾ, അൺഎയ്ഡഡ് സ്കൂളുകൾ, സ്വകാര്യ ആശുപത്രികൾ, വീട്ടുജോലി തുടങ്ങിയ അസംഘടിതമേഖലയിലാണ് സ്ത്രീകൾ പുതുതായി തൊഴിൽ കണ്ടെത്തിയിട്ടുള്ളത്. തുച്ഛമായ വേതനം മാത്രം ലഭിക്കുന്ന ഈ തൊഴിൽമേഖലകളിൽ തൊഴിൽ സുരക്ഷാസംവിധാനങ്ങൾ ലഭ്യമല്ല. നിലവിലുള്ള തൊഴിലവകാശ നിയമങ്ങൾപോലും ബാധകമല്ലാത്ത രീതിയിലുള്ള ചൂഷണം ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾ നേരിടുന്നുണ്ട്.

8.1 തുല്യജോലിക്കു തുല്യവേതനനിയമം നിലവിലുണ്ടെങ്കിലും നിർമ്മാണത്തൊഴിലുകൾക്കും, കൂലിവേലയുൾപ്പെടെ പല തൊഴിലുകൾക്കും തുല്യകൂലി സ്ത്രീകൾക്ക് ലഭ്യമല്ല. 2000 ലെ നാഷണൽ സാമ്പിൾ സർവ്വെ അനുസരിച്ച് കാർഷികമേഖലയിൽ കേരളത്തിൽ പുരുഷന് ശരാശരി 94.5 രൂപ കൂലി കിട്ടുമ്പോൾ സ്ത്രീക്ക് കിട്ടുന്നകൂലി 62.2 രൂപയാണ്. കാർഷികേതരമേഖലയിൽ പുരുഷന് 131.9 രൂപ കിട്ടുമ്പോൾ സ്ത്രീക്ക് 94.1 രൂപ മാത്രമാണ് ലഭിക്കുന്നത്.

8.2 അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മ കേരളത്തിൽ രൂക്ഷമാണ്. 2007 ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത 38.99 ലക്ഷം തൊഴിലന്വേഷകരിൽ 25.59 ലക്ഷം സ്ത്രീകളാണ്. വ്യത്യസ്തമേഖലകളിൽ വിദ്യാഭ്യാസം ലഭിച്ച സ്ത്രീകളും പരമ്പരാഗതറോളുകൾക്ക് അനുസൃതമായ തൊഴിൽ ചെയ്യാനാണ് മുൻഗണന നൽകുന്നത്.

8.3 തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ആവശ്യമായ ഭൗതികസൗകര്യങ്ങൾ ലഭ്യമല്ലാത്ത നിരവധി മേഖലകളുണ്ട്. തൊഴിലിടങ്ങളിലെ ലൈംഗികപീഡനം തടയുന്നതിനുള്ള നിയമത്തിൽ നിർദ്ദേശിക്കുന്ന പരാതിപരിഹാരകമ്മിറ്റി സർക്കാർ ഓഫീസികളിൽപോലും ഇനിയും ഫലപ്രദമല്ല.

8.4 തൊഴിൽതേടി കേരളത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും പോകുന്ന സ്ത്രീകൾ പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ട്.

8.5 ഐ.ടി രംഗത്ത് പണിയെടുക്കുന്ന സ്ത്രീകളുടെ എണ്ണം വർദ്ധിക്കുകയാണ്. എന്നാൽ ജോലിസമയം, മറ്റ് സുരക്ഷാസംവിധാനം എന്നിവ സംബന്ധിച്ച് വ്യവസ്ഥകൾ പാലിക്കപ്പെടാത്ത സ്ഥിതിയാണ്.

**9.** ആരോഗ്യത്തിന് ഹാനികരമായ തരത്തിലുള്ള തൊഴിലുകൾ ചെയ്യേണ്ടിവരുന്ന മേഖലകളിൽപോലും തൊഴിൽജന്യരോഗങ്ങൾ പ്രതിരോധിക്കുന്നതിനോ ചികിത്സിക്കുന്നതിനോ സംരക്ഷണം ലഭിക്കുന്നില്ല. കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകൾ സ്ത്രീകൾ ഭൂരിപക്ഷമുള്ള തൊഴിൽമേഖലകളാണ്. തോട്ടംതൊഴിലാളികളിലും ഫാക്ടറികളിലും ഖാദി, ഈറ്റ തുടങ്ങിയ തൊഴിൽമേഖലകളിലും നല്ലപങ്ക് സ്ത്രീകളാണ്. രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ നയങ്ങളുടെ പ്രത്യാഘാതങ്ങൾ ഈ തൊഴിൽമേഖലകളിൽ സൃഷ്ടിക്കുന്ന പ്രതിസന്ധികൾ സ്ത്രീതൊഴിലാളികളുടെ ജീവിതത്തെയാണ് അധികം ബാധിക്കുന്നത്. നെയ്ത്ത്, ബീഡി തുടങ്ങിയ മേഖലകളിൽ പീസ്റേറ്റ് പണികളിൽ സ്ത്രീകളാണ് കൂടുതൽ. ഇവർക്ക് മിനിമംകൂലി പോലും കിട്ടാത്ത അവസ്ഥയുണ്ട്.

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

**10.** കേരളസമൂഹത്തിൽ നിലനിൽക്കുന്ന അസമമായ ലിംഗപദവി ബന്ധത്തിന്റെ പ്രതിഫലനമാണ് സ്ത്രീകൾക്കു നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ കാണുന്നത്. ഓരോ വർഷം ചെല്ലുന്തോറും അതിക്രമങ്ങളുടെ എണ്ണം വർദ്ധിക്കുന്നതായി കണക്കുകൾ കാണിക്കുന്നു. (2005 ൽ 8087 കേസുകൾ, 2006 ൽ 9034 കേസുകൾ) കുടുംബത്തിനകത്തെ അതിക്രമമാണ് പരാതികളിൽ മുന്നിൽ നിൽക്കുന്നത്. കുടുംബം, തൊഴിലിടങ്ങൾ, പൊതുസ്ഥലം, മാധ്യമം എന്നിങ്ങനെ സമൂഹത്തിന്റെ എല്ലായിടങ്ങളും സ്ത്രീകളോടുള്ള വിവേചനത്തിന്റെയും അതിക്രമത്തിന്റെയും വേദികളായി മാറുന്ന ആശങ്കാജനകമായ സാഹചര്യം നിലവിലുണ്ട്.

10.1 സ്ത്രീധനസമ്പ്രദായം കൂടുതൽ ശക്തവും വ്യാപകവുമായി വരുന്നു. സ്ത്രീധനപീഡനം അതിക്രമങ്ങളുടെ കൂട്ടത്തിൽ മുന്നിൽ നിൽക്കുന്നു.

10.2 പൊതുഇടങ്ങളിലെ സുരക്ഷിതത്വമില്ലായ്മ സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ ബാധിക്കുന്നുണ്ട്.

10.3 കുട്ടികളുടെ നേർക്കുള്ള ലൈംഗികപീഡനം വർദ്ധിച്ചിരിക്കുന്നു.

10.4 സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള പെൺവാണിഭ സംഘങ്ങളുടെ പ്രവർത്തനം ആശങ്കയുളവാക്കുന്നു.

10.5 ഉപഭോക്തൃസംസ്കാരത്തിന്റെ സൃഷ്ടിയായ പ്രലോഭനങ്ങളിൽ കുരുങ്ങി പെൺവാണിഭസംഘങ്ങളുടെ കെണിയിൽപെടുന്ന പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

10.6 കുടുംബത്തിനുള്ളിൽ തന്നെ ബന്ധുക്കളുടെ ഭാഗത്തുനിന്നും അയൽപക്കക്കാരുടെയും പരിചയക്കാരുടേയും ഭാഗത്തുനിന്നും ഉണ്ടാകുന്ന ലൈംഗികപീഡനത്തിന് പെൺകുട്ടികൾ ഇരകളാകുന്നു.

10.7 ജോലിവാഗ്ദാനം നൽകി സ്ത്രീകളെ വിദേശങ്ങളിലേക്ക് ലൈംഗികത്തൊഴിലുകൾക്കായി കടത്തുന്ന സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

10.8 പുരുഷന്മാരുടെ മദ്യപാനശീലം അവരുടെ ആരോഗ്യം തകർക്കുകയും കുടുംബത്തിനുള്ളിൽ അതിക്രമങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു. സ്ത്രീകളുടെ ചുമലിലേക്ക് കുടുംബത്തിന്റെ മുഴുവൻ ഭാരവും വരുന്നതിന്റെ ഒരു പ്രധാനകാരണം ഇതുതന്നെയാണ്.

## തീരുമാനമെടുക്കൽ പ്രക്രിയയിൽ സ്ത്രീ

**11.** സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീപങ്കാളിത്തത്തിന്റെ സമ്പന്നമായ ചരിത്രം കേരളത്തിനുണ്ട്. ചരിത്രത്തിൽ രേഖപ്പെടുത്താതെപോയ ശ്രദ്ധേയമായ സ്ത്രീജീവിതങ്ങൾ കേരള സമൂഹസൃഷ്ടിയിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്. എന്നാൽ സമകാലിക കേരളത്തിലും സാമൂഹ്യ-രാഷ്ട്രീയ -സാംസ്കാരിക രംഗങ്ങളിൽ നേതൃത്വസ്ഥാനങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കുറവാണെന്നത് പോരായ്മയായി ചർച്ചചെയ്യപ്പെടാറുണ്ട്. കേരളനിയമസഭയിലെ സ്ത്രീസാന്നിദ്ധ്യം ഇപ്പോൾ 5 ശതമാനം

മാത്രമാണ്. നയതീരുമാനങ്ങളെടുക്കുന്ന സർക്കാർ ഉന്നതാധികാര സമിതികളിൽ, വികസന സംവി ധാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് തുടരുകയാണ്. വനിതാകമ്മീഷൻ, വനിതാ വികസന കോർപ്പറേഷൻ, സാമൂഹ്യക്ഷേമബോർഡ് ഒഴികെയുള്ള സ്ഥാപനങ്ങളിൽ അപൂർവ്വമായി മാത്രമാണ് സ്ത്രീകൾ പരിഗണിക്കപ്പെടുന്നത്. സഹകരണ ബാങ്കുകളുടെ ഇടപാടുകാരിൽ നല്ലപങ്കും സ്ത്രീക ളാണ് എങ്കിലും സഹകരണ ബാങ്കുകളുടെ ഡയറക്ടർ ബോർഡുകളിൽ ഒരു സീറ്റുമാത്രമാണ് സ്ത്രീകൾക്ക് നൽകുന്നത്.

**12.** 73,74 ഭരണഘടനാ ഭേദഗതികൾ പ്രാദേശിക ഭരണരംഗത്ത് വൻ സ്ത്രീമുന്നേറ്റത്തിന് സാഹ ചര്യമൊരുക്കി. എന്നാൽ ഇങ്ങനെ കടന്നുവരുന്ന സ്ത്രീകളുടെ നേതൃത്വശേഷിയും ഭരണപരമായ കഴിവുകളും വളർത്തുന്നതിന് സമയബന്ധിതമായ പരിശീലനം ഉറപ്പാക്കേണ്ടതുണ്ട്. വികേന്ദ്രീകൃതാ സൂത്രണത്തിന്റെ ഭാഗമായി പ്രാദേശിക വികസന പ്രവർത്തനങ്ങളിലെ സ്ത്രീപങ്കാളിത്തം വളരെ വർദ്ധിച്ചിട്ടുണ്ട്. സ്ത്രീപദവി ഉയർത്തുവാനാവശ്യമായ പ്രവർത്തനങ്ങളുമായി പ്രാദേശികമായി മുഴു വൻ സ്ത്രീകളേയും കോർത്തിണക്കേണ്ട ആവശ്യകതയുണ്ട്.

## സവിശേഷ പരിഗണന നൽകേണ്ട വിഭാഗങ്ങൾ

*ആദിവാസികൾ*

**13.** കേരളസമൂഹത്തിൽ സ്ത്രീകൾക്ക് പൊതുവിൽ അവകാശപ്പെടാനാകുന്ന നേട്ടങ്ങളൊന്നും ചൂണ്ടിക്കാട്ടാനാവാത്ത പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ സ്ത്രീകളുടെ അവസ്ഥ ശോച നീയമാണ്. അതിൽ ഏറ്റവും പരിഗണന അർഹിക്കുന്നത് ആദിവാസി സ്ത്രീകളാണ്. സ്ത്രീപുരുഷാ നുപാതത്തിന്റെ കാര്യത്തിൽ കഴിഞ്ഞ 30 വർഷത്തിനിടയിൽ ആദിവാസിസമൂഹത്തിൽ ഗുണപരമായ മാറ്റം കാണുന്നുണ്ടെങ്കിലും (1991ൽ 1000 പുരുഷന്മാർ - 995 സ്ത്രീകൾ, 2001ൽ 1000 പുരുഷന്മാർ - 1027 സ്ത്രീകൾ) ഇത് കേരളത്തിന്റെ പൊതുനിരക്കിൽനിന്ന് താഴെയാണ്. ഇന്ത്യയിലാകെ പരിശോധിക്കു മ്പോൾ ആദിവാസി സ്ത്രീപുരുഷാനുപാതത്തിൽ ഇടിവു സംഭവിച്ച സാഹചര്യത്തിൽ കേരളത്തിന്റെ വർദ്ധനവ് അനുകൂലമായ സൂചകം തന്നെയാണ്. എന്നാൽ അട്ടപ്പാടി പോലെ ആദിവാസി ഭൂരിപക്ഷ പ്രദേശങ്ങൾ സവിശേഷമായെടുത്ത് പരിശോധിക്കുമ്പോൾ 1000 പുരുഷന്മാർക്ക് 970 സ്ത്രീകൾ എന്ന ആശങ്കയുളവാക്കുന്ന സ്ത്രീപുരുഷാനുപാതമാണ് കാണുന്നത്. വിവിധ ഗോത്രവിഭാഗങ്ങൾക്കുള്ളിൽ, പ്രാദേശിക ഭേദമനുസരിച്ച് ആദിവാസി ജീവിതത്തിന്റെ ഗുണനിലവാരത്തിൽ വ്യത്യാസം കാണുന്ന താകാം ഇതിനു കാരണം.

**14.** 1991 മുതൽ 2001 വരെയുള്ള പത്തുവർഷത്തിനിടയിൽ പട്ടികജാതി - പട്ടികവർഗ വിഭാഗ ങ്ങൾക്കിടയിലെ സാക്ഷരതാനിരക്ക് രണ്ടുമടങ്ങ് വർദ്ധിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. എങ്കിലും സംസ്ഥാനത്തിലെ പൊതുസ്ത്രീസാക്ഷരതയുമായി താരതമ്യം ചെയ്യുമ്പോൾ (87.7%) പട്ടികജാതി സ്ത്രീകളുടെ സാക്ഷരത (77.56%) കുറവാണ്. ആദിവാസി സ്ത്രീകളുടെ സാക്ഷരത 58.11 ശതമാനമാ ണ് എന്നത് ഗൗരവത്തോടെ പരിഗണിക്കേണ്ടതുണ്ട്. സ്കൂളിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും എട്ടാംക്ലാസോടെ കൊഴിഞ്ഞുപോകുന്ന കുട്ടികളുടെ എണ്ണം ആദിവാ സികൾക്കിടയിൽ കൂടുതലാണ്. പത്താംക്ലാസിന് മുകളിലേക്ക് പഠിക്കാനുള്ള അവസരം വിനിയോഗി ക്കാനാകുന്നത് ചില ഗോത്രങ്ങളിൽപ്പെട്ട ആദിവാസി പെൺകുട്ടികൾക്കു മാത്രമാണ്. പലതരത്തി ലുള്ള സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക പ്രശ്നങ്ങൾ ആദിവാസിപ്പെൺകുട്ടികളുടെ പഠനത്തിന് വിഘാതമാകുന്നുണ്ട്.

**15.** കേരളത്തിൽ പൊതുവിൽ സ്ത്രീ തൊഴിൽപങ്കാളിത്തം കുറവാണെങ്കിലും ആദിവാസി സ്ത്രീകൾക്കിടയിലെ തൊഴിൽപങ്കാളിത്തം ഉയർന്നതാണ്. കൃഷിപ്പണിയിലും കൂലിപ്പണിയിലും ആണ് ഭൂരിപക്ഷംപേരും ഏർപ്പെട്ടിരിക്കുന്നത്. വനവിഭവങ്ങൾ ശേഖരിച്ച് ജീവിക്കുന്നവരും ഏറെയുണ്ട്. പല തരത്തിലുള്ള സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക കയ്യേറ്റങ്ങൾക്ക് മുന്നിൽ ജീവിതത്തിന്റെ സ്വാഭാ വികതാളം നഷ്ടപ്പെട്ട ആദിവാസി ജീവിതം ഇന്ന് നേരിടുന്ന വെല്ലുവിളികളുടെ ആഘാതം ഏറ്റവുമ

ധികം പേറുന്നത് സ്ത്രീകളാണ്. അവിവാഹിതരായ അമ്മമാരുടെ പ്രശ്നങ്ങൾ, ഗുരുതരമായ വിളർച്ച രോഗം, മാതൃശിശു ആരോഗ്യപ്രശ്നങ്ങൾ എന്നിങ്ങനെ നിരവധി വെല്ലുവിളികൾ ആദിവാസി സ്ത്രീകൾ നേരിടുന്നുണ്ട്. മദ്യപാനത്തിന്റെ പ്രശ്നങ്ങൾ സ്ത്രീകളുടെ ജീവിതക്ലേശം വർദ്ധിപ്പിക്കുന്ന അനുഭവങ്ങളും ആദിവാസിമേഖലയിൽ അട്ടപ്പാടിപോലുള്ള പ്രദേശങ്ങളിൽ വ്യാപകമാണ്.

**16.** പട്ടികജാതി - പട്ടികവിഭാഗങ്ങളിൽ കാണുന്ന ദാരിദ്ര്യത്തിന്റെ തോത് സംസ്ഥാനത്തെ പൊതു ദാരിദ്ര്യത്തെക്കാൾ വളരെ കൂടുതലാണ്. സംസ്ഥാനത്തെ ജനസംഖ്യയുടെ 1.14ശതമാനം മാത്രമാണ് ആദിവാസികൾ. എന്നാൽ സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളുടെ 3 ശതമാനം ആദിവാസികളാണെന്നത് ഇവർക്കിടയിലെ ദാരിദ്ര്യത്തിന്റെ രൂക്ഷത സൂചിപ്പിക്കുന്നുണ്ട്. ദാരിദ്ര്യത്തിന്റെ ഭാരവും കൂടുതൽ ചുമക്കേണ്ടിവരുന്നത് ആദിവാസി സ്ത്രീകളും കുഞ്ഞുങ്ങളുമാണ്.

*മത്സ്യത്തൊഴിലാളി സ്ത്രീകൾ*

**17.** സ്ത്രീപുരുഷാനുപാതത്തിന്റെ കാര്യത്തിലും സ്ത്രീസാക്ഷരതയുടെ കാര്യത്തിലും കേരളത്തിലെ പൊതു അവസ്ഥയിലും താഴെയാണ് മത്സ്യത്തൊഴിലാളി സ്ത്രീകളുടെ നില (സ്ത്രീപുരുഷാനുപാതം 1000 പുരുഷന്മാർക്ക് 979 സ്ത്രീകൾ). തൊഴിലെടുക്കുന്ന സ്ത്രീകളിൽ 37 ശതമാനവും മത്സ്യം വിൽക്കുന്ന പണിയാണ് ചെയ്യുന്നത്. 22 ശതമാനം സ്ത്രീകൾ മത്സ്യസംസ്കരണ ജോലികളും 11 ശതമാനം സ്ത്രീകൾ വലയുടെ അറ്റകുറ്റപ്പണികളും ചെയ്യുന്നു. കേരളത്തിൽ ആകെ 222 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുള്ളതിൽ ഒരു ഗ്രാമത്തിന് 3 എന്ന തോതിൽ സ്കൂളുകളുണ്ട്.

**18.** സ്ത്രീകൾക്കിടയിൽ തൊഴിൽപങ്കാളിത്ത നിരക്ക് ക്രിസ്ത്യൻ, ഹിന്ദു സമുദായത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കിടയിൽ കൂടുതലാണ്. ഇവരിൽ നല്ലപങ്കും ഏർപ്പെട്ടിരിക്കുന്ന മത്സ്യവിൽപ്പനയുമായി ബന്ധപ്പെട്ട് നിരവധി ആരോഗ്യപ്രശ്നങ്ങൾ, മറ്റ് ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, സുരക്ഷിതത്വത്തിന്റെ പ്രശ്നങ്ങൾ എന്നിവ നിലനിൽക്കുന്നു. പീലിങ്ങ് ഷെഡുകളിൽ അനാരോഗ്യകരമായ അന്തരീക്ഷത്തിൽ പണിചെയ്യേണ്ടിവരുന്ന സ്ത്രീകൾക്ക് സുരക്ഷാസംവിധാനങ്ങൾ ലഭ്യമല്ല. മത്സ്യമേഖലയിൽ 75 ശതമാനം വീടുകളും വാസയോഗ്യമായ (പക്കാ) വീടുകളാണെന്ന് കണക്കുകൾ സൂചിപ്പിക്കുമ്പോൾതന്നെ ശുചിത്വം, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളുടെ കുറവ് സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. തീരദേശ ഭൂപ്രകൃതി കണക്കിലെടുത്തുകൊണ്ടുള്ള കക്കൂസ് നിർമ്മാണം വ്യാപകമാക്കേണ്ടതുണ്ട്.

## സാംസ്കാരികരംഗം

**19.** സാഹിത്യം, കല, മറ്റ് മാധ്യമങ്ങൾ എന്നിവയിൽ ശ്രദ്ധേയമായ സ്ത്രീസാന്നിദ്ധ്യം ഇന്ന് കേരളത്തിലുണ്ട്. എന്നാൽ ഈ രംഗങ്ങൾ മുഖ്യപ്രവർത്തനമേഖലയായി സ്വീകരിക്കുന്നതിൽ ഇന്നും വിമുഖത സ്ത്രീകൾക്കിടയിൽ കാണുന്നുണ്ട്. വിശേഷിച്ച് നാടകം, സിനിമ തുടങ്ങിയ മേഖലകളിൽ അണിയറയിലെ സ്ത്രീപങ്കാളിത്തം ശുഷ്കമാണെന്നത് അഭ്യസ്തവിദ്യരായ സ്ത്രീകളുള്ള കേരളത്തിൽ ഒരു വിരോധാഭാസമാണ്. മാധ്യമപ്രവർത്തനമുൾപ്പെടെ എല്ലാ സാംസ്കാരിക രംഗങ്ങളിലും ആൺകോയ്മയുടേതായിട്ടുള്ള അധികാരബന്ധം കേരളത്തിൽ നിലനിൽക്കുന്നുണ്ട് എന്ന വെല്ലുവിളിയാണ് ഈ രംഗങ്ങളിലേക്കു വരുന്ന സ്ത്രീകൾ നേരിടുന്നത്.

**20.** ആഗോളവൽക്കരണ കാലഘട്ടത്തിലെ മാധ്യമങ്ങൾ കമ്പോളത്തിനും ഉപഭോഗസംസ്കാരത്തിനും അനുയോജ്യമായ തരത്തിലാണ് സ്ത്രീകളെ ഉപയോഗിക്കുന്നത്. നിലവിലുള്ള ആൺകോയ്മാ മൂല്യബോധത്തെ അരക്കിട്ടുറപ്പിക്കുന്ന തരത്തിലുള്ള ചിത്രീകരണങ്ങളാണ് മാധ്യമങ്ങൾ പൊതുവേ താല്പര്യപ്പെടുന്നത്. സീരിയലുകൾ, പരസ്യങ്ങൾ, മാസികകൾ, കലണ്ടറുകൾ, സിനിമ, സിനിമാപരസ്യങ്ങൾ എന്നിവയിലെല്ലാം സ്ത്രീകളെ രണ്ടാംകിടക്കാരായും സ്ത്രീശരീരത്തെ ലൈംഗികവസ്തുവായും കണ്ടുള്ള ആവിഷ്ക്കാരങ്ങൾക്കാണ് മുൻഗണന ലഭിക്കുന്നത്. അന്ധവിശ്വാസവും അനാചാരങ്ങളും സ്ത്രീവിരുദ്ധ ആചാരങ്ങളും ആഡംബരവിവാഹങ്ങളും പ്രോത്സാഹിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നവരായി മാധ്യമങ്ങൾ മാറുന്ന സ്ഥിതിയാണുള്ളത്. കേരളത്തിൽ 64 ശതമാനം സ്ത്രീകൾക്ക്

അച്ചടിമാധ്യമങ്ങളോട് ആഭിമുഖ്യമുള്ളപ്പോൾ ടി.വി പ്രേക്ഷകർ 86 ശതമാനമാണെന്നത് ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം സംബന്ധിച്ച പ്രാധാന്യം സൂചിപ്പിക്കുന്നുണ്ട്.

**21.** മെച്ചപ്പെട്ട വിദ്യാഭ്യാസ-ആരോഗ്യ-ക്ഷേമ നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കേരള സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗാസമത്വത്തിന്റെ സങ്കീർണ്ണ പ്രശ്നങ്ങളാണ് മുകളിൽ പരിശോധിച്ചത്. ലിംഗാസമത്വത്തെ കൂടുതൽ രൂക്ഷമാക്കുന്ന സമകാലിക രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ സാഹചര്യത്തിൽ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടൽ വളരെ പ്രധാനമാണ്. കേരളത്തിൽ ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിനു പര്യാപ്തമായ ആശയപ്രചരണങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും സർക്കാരിന്റെ മുൻകൈയോടെ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ നടത്തേണ്ടതുണ്ട്. 1996-ൽ സംസ്ഥാന സർക്കാർ രൂപം നൽകിയ വനിതാനയം പുതിയ കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച് പുതുക്കുകയും സമഗ്രമാക്കുകയും ചെയ്യേണ്ടതുണ്ട്. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി സമഗ്രമായ ഒരു വനിതാ നയവും അത് നടപ്പാക്കുന്നതിനാവശ്യമായ കർമ്മപരിപാടികളും ഇവിടെ അവതരിപ്പിക്കുകയാണ്.

# വനിതാനയം

## ലക്ഷ്യങ്ങൾ

**22.** ജാതി-മത-ലിംഗ-വർഗ വിവേചനങ്ങൾ സൃഷ്ടിക്കുന്ന ചൂഷണങ്ങളിൽ നിന്ന് സ്ത്രീകളെ മോചിപ്പിച്ചുകൊണ്ട് കേരളത്തിൽ ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കാനുള്ള സാഹചര്യമൊരുക്കുകയാണ് വനിതാനയത്തിന്റെ ലക്ഷ്യം.

**23.** പരമ്പരാഗത റോളുകളുടെയും ആൺകോയ്മാ മൂല്യബോധത്തിന്റെയും ധാരണകളും അധികാരബന്ധങ്ങളും സമൂഹത്തിലെ എല്ലാ മേഖലകളിൽ നിന്നും തുടച്ചുനീക്കുന്നതിനു സഹായകമായ ഭരണപരവും സാമൂഹ്യവും സാംസ്കാരികവുമായ ഇടപെടലുകൾ നടത്തുകയെന്നത് ഈ വനിതാനയത്തിന്റെ ലക്ഷ്യമാണ്.

**24.** തീരുമാനമെടുക്കുന്ന വേദികളിലും നിയമനിർമ്മാണവേദികളിലും സ്ത്രീകൾക്ക് തുല്യപങ്കാളിത്തം ഉറപ്പാക്കി സമൂഹസൃഷ്ടിയിൽ ജനസംഖ്യയിൽ പകുതിയിലധകം വരുന്ന സ്ത്രീകളുടെ സ്ഥാനം ഉറപ്പാക്കും.

**25.** ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, നിയമസംരക്ഷണം, സാമൂഹ്യസംരക്ഷണം, ഭരണരംഗം, പൊതു ഇടങ്ങൾ എന്നിവയിലെല്ലാം സ്ത്രീകളുടെ അവകാശങ്ങൾ പ്രാപ്യമാക്കുകയും സ്ത്രീപങ്കാളിത്തത്തോടെ ഈ മേഖലകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ചെയ്യും.

**26.** സ്ത്രീപദവിയെ ബാധിക്കുന്ന എല്ലാവിധ അതിക്രമങ്ങളും വിവേചനങ്ങളും ഇല്ലാതാക്കുന്നതിന് നിയമസംവിധാനം ശക്തമാക്കും.

**27.** കേരള വികസനപ്രക്രിയ ലിംഗപദവി കാഴ്ചപ്പാടോടുകൂടിയുള്ളതാക്കും. ഇതിനായി സംസ്ഥാന സർക്കാർ, ത്രിതല പഞ്ചായത്തുകൾ, മറ്റ് വികസന ഏജൻസികൾ, പൗരസമൂഹം എന്നിവയുടെ സമീപനത്തിൽ ലിംഗപദവി അവബോധം വളർത്തുന്നതിനുള്ള ഇടപെടലുകൾ ആവിഷ്ക്കരിക്കും.

**28.** കുടുംബം, തൊഴിലിടങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ജനാധിപത്യവൽക്കരിക്കുന്നതിനും ലിംഗപദവി പരിഗണനയോടുകൂടിയുള്ളതാക്കുന്നതിനും പ്രേരണ ചെലുത്തും.

# നയപ്രഖ്യാപനം

**29.** കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക വികസന പ്രക്രിയയിൽ ലിംഗപദവി തുല്യത ഉറപ്പാക്കുന്നതിനാവശ്യമായ തരത്തിൽ നിലവിലുള്ള ദൗർബല്യങ്ങൾ കണ്ടെത്തുകയും പരിഹരിക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ നടപ്പാക്കുകയും ചെയ്യും.

**30.** ലിംഗപദവി പരിഗണനയോടു കൂടിയ സമീപനം സംസ്ഥാനതലം മുതൽ പ്രാദേശികതലം വരെയുള്ള വികസന ആസൂത്രണ നിർവഹണ-പരിശോധന പ്രക്രിയയിൽ ഉറപ്പുവരുത്താൻ ആവശ്യമായ നയതീരുമാനങ്ങൾ സ്വീകരിച്ചു നടപ്പാക്കും.

**31.** സംസ്ഥാന വാർഷികപദ്ധതിയും പ്രാദേശിക ഭരണകൂടങ്ങളുടെ വാർഷികപദ്ധതികളും പഞ്ചവത്സര പദ്ധതിയും സ്ത്രീകളുടെ മുൻകയ്യിൽ ലിംഗപദവി പരിഗണനയുടെ അടിസ്ഥാനത്തിൽ കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ദൗർബല്യങ്ങൾ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യും.

**32.** വിഭവങ്ങളുടെ മേലും സ്വത്തിന്മേലും സ്ത്രീകൾക്ക് തുല്യാവകാശം ഉറപ്പാക്കും. സംയുക്തപട്ടയം നിർബന്ധിതമാക്കും.

**33.** പ്രകൃതിവിഭവങ്ങളുടെമേൽ സ്ത്രീകളുടെ അവകാശവും നിയന്ത്രണവും ഉറപ്പാക്കും. പ്രകൃതി വിഭവങ്ങൾ ആശ്രയിച്ച് ഉപജീവനം നടത്തുന്ന സ്ത്രീകളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടു മാത്രമേ വികസനപദ്ധതികൾ ആവിഷ്കരിക്കുകയുള്ളൂ എന്ന നിബന്ധന പദ്ധതികളുടെ ഭാഗമായി ഉൾപ്പെടുത്തും.

**34.** പ്രകൃതി വിഭവങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങൾക്ക് സ്ഥൂലതല സാമ്പത്തികനയങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധികൾ നേരിടുന്നതിനാവശ്യമായ പിന്തുണാസംവിധാനം ഉറപ്പാക്കും. പ്രാദേശിക സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടുള്ള ദാരിദ്ര്യ അളവു സൂചികയ്ക്ക് രൂപം നൽകും.

**35.** ആഗോളവത്കരണ നയങ്ങളുടെ ഭാഗമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും സ്വീകരിക്കപ്പെടുന്ന സ്ഥൂലതല നയങ്ങൾ സ്ത്രീകളുടെ തൊഴിൽ, ആരോഗ്യം, വിദ്യാഭ്യാസം, മറ്റ് സാമൂഹ്യക്ഷേമ സുരക്ഷാസംവിധാനങ്ങൾ എന്നിവയെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനുള്ള പ്രതിരോധസംവിധാനങ്ങളും പിന്തുണാസംവിധാനങ്ങളും ഉറപ്പാക്കും.

**36.** സമഗ്രമായ ആരോഗ്യസംരക്ഷണസംവിധാനം ഉറപ്പാക്കും. പോഷകാഹാരം, പ്രതിരോധ കുത്തിവെയ്പുകൾ, പ്രജനനാരോഗ്യം, തൊഴിൽബന്ധ ആരോഗ്യം, മാനസികാരോഗ്യം, വൃദ്ധസ്ത്രീകളുടെ ആരോഗ്യം എന്നിവയുമായെല്ലാം ബന്ധപ്പെട്ട് സ്ത്രീയുടെ ആരോഗ്യ സംരക്ഷണത്തിന് പരസ്പര ഏകോപിതമായ സമീപനം സ്വീകരിക്കും.

**37.** പരമ്പരാഗത ആരോഗ്യസംരക്ഷണ രീതികളും അറിവും ശേഖരിച്ച് അനുയോജ്യമായവയെ പ്രോത്സാഹിപ്പിക്കും.

**38.** രോഗങ്ങൾമൂലവും മറ്റ് കാരണങ്ങൾകൊണ്ടും പൊതുസമൂഹത്തിൽ നിന്ന് ബഹിഷ്ക്കരിക്കപ്പെട്ട സ്ത്രീകളുടെയും കുടുംബങ്ങളുടെയും പുനരധിവാസം ഉറപ്പുവരുത്തും.

**39.** ആദിവാസി മേഖലയിൽ വിവിധ ഗോത്രവിഭാഗങ്ങളുടെ വ്യത്യസ്തമായ ജീവിത ഗുണനിലവാരം കണക്കിലെടുത്തുകൊണ്ട് ഏറ്റവുമധികം ദുരിതമനുഭവിക്കുന്നവർക്കിടയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ സവിശേഷപഠനത്തിനു വിധേയമാക്കുകയും പഠനനിഗമനങ്ങളുടെ അടിസ്ഥാനത്തിൽ പരിഹാരനടപടികൾ സ്വീകരിക്കുകയും ചെയ്യും.

**40.** സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കുകയും കലാ-കായിക സാഹിത്യപ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീകൾക്ക് സവിശേഷ പ്രോത്സാഹനം നൽകുകയും ചെയ്യും.

**41.** കേരളത്തിലെ ചരിത്രം, സാഹിത്യം, കല, കായികരംഗം, മാധ്യമങ്ങൾ, രാഷ്ട്രീയം, സാമൂഹ്യ രംഗം, ഭരണം, ശാസ്ത്രം തുടങ്ങിയ മേഖലകളിൽ കഴിവു തെളിയിച്ച സ്ത്രീകളെ സംബന്ധിച്ച വിവരസമുച്ചയം തയ്യാറാക്കും.

**42.** അച്ചടി-ദൃശ്യമാധ്യമങ്ങളിലെ സ്ത്രീവിരുദ്ധതക്ക് തടയിടുന്നതിനും മാധ്യമങ്ങൾ സ്ത്രീസൗഹൃദമുള്ളവയാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളും.

**43.** സ്ത്രീസംരക്ഷണത്തിനായി നിലവിലുള്ള നിയമങ്ങളിലും നിയമസംരക്ഷണ സംവിധാനങ്ങളിലുമുള്ള പരിമിതികൾ പഠിച്ച് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**44.** തുല്യജോലിക്കു തുല്യവേതനം, സ്ത്രീധനനിരോധനനിയമം, ഗാർഹികപീഡനത്തിൽനിന്നും സ്ത്രീകളുടെ സംരക്ഷണത്തിനായുള്ള നിയമം തുടങ്ങിയ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന് പൗരസമൂഹത്തിൽ ആവശ്യമായ അവബോധം സൃഷ്ടിക്കും.

**45.** സ്ത്രീകളുടെ തൊഴിൽസംരംഭങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് കേരളത്തിന്റെ പ്രാദേശികവിഭവങ്ങളുടെ രംഗത്ത് സ്വാശ്രയത്വം കൈവരിക്കും.

**46.** പച്ചക്കറി, നെല്ല് തുടങ്ങിയ കാർഷിക വിഭവങ്ങളിൽ സ്വാശ്രയത്വം കൈവരിക്കാൻ സ്ത്രീകളെ കൃഷിക്കാരികളാക്കുക എന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ കാർഷിക സംരംഭങ്ങൾക്ക് മുൻഗണന നൽകും

**47.** സ്ത്രീകൾക്ക് സ്വതന്ത്രമായ സഞ്ചാരസ്വാതന്ത്ര്യം ഉറപ്പാക്കുന്ന തരത്തിൽ സുരക്ഷിതത്വ സംവിധാനങ്ങൾ വ്യാപകവും ഫലപ്രദവുമാക്കും

**48**. നീതിന്യായ സംവിധാനം, ഉദ്യോഗസ്ഥസംവിധാനം, ഭരണസംവിധാനം എന്നിവയെല്ലാം ലിംഗപദവി സമീപനത്തോടുകൂടിയുള്ളതാക്കുന്നതിന് ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അവബോധം സൃഷ്ടിക്കും.

**49.** സ്ത്രീകൾ വീടിനകത്തും പുറത്തും എടുക്കുന്ന വിവിധങ്ങളായ റോളുകളുടെ സാമൂഹ്യ-സാമ്പത്തിക പ്രാധാന്യം നിർണയിക്കുന്നതിനാവശ്യമായ വിവരശേഖരണവും പഠനവും നടത്തും.

**50.** ലിംഗപദവി തുല്യതസംബന്ധിച്ച ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് മാധ്യമങ്ങളെ ഫലപ്രദമായി ഉപയോഗിക്കും.

**51.** സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന വികസനപദ്ധതികളുടെ പരിസ്ഥിതി-സ്ത്രീ-ദരിദ്രജനപ്രത്യാഘാത പരിശോധന നിർബന്ധമാക്കുകയും ഈ നിബന്ധന പാലിക്കാൻ സ്വകാര്യ മേഖലയെ പ്രേരിപ്പിക്കുകയും ചെയ്യും.

**52.** സ്ത്രീകളുടെ ശേഷിയും സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും ആത്മവിശ്വാസവും പരിപോഷിപ്പിച്ചുകൊണ്ട് അവരെ വികസനപ്രക്രിയയുടെ നേതൃത്വത്തിലേക്കു നയിക്കും.

# കർമ്മപരിപാടി

**നിയമസംരക്ഷണം**

53.1 സ്ത്രീസംരക്ഷണ നിയമങ്ങളുടെ പഴുതുകൾ പരിശോധിച്ചുകൊണ്ട് ഭേദഗതികൾ സമർപ്പിക്കാനും പുതിയ നിർദ്ദേശങ്ങൾക്ക് രൂപംനൽകാനുമായി നിയമജ്ഞർക്ക് ഭൂരിപക്ഷമുള്ള ഒരു സമിതി രൂപീകരിക്കും. ഈ സമിതി സമയബന്ധിതമായി നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും മുൻഗണന നൽകി അവ നടപ്പാക്കുകയും ചെയ്യും. ഈ സമിതിയിൽ കുറഞ്ഞത് പകുതിപ്പേർ സ്ത്രീകളായിരിക്കും.

53.2 എല്ലാ ജില്ലകളിലും സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യാൻ കോടതികളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തും.

53.3 കുടുംബകോടതികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കും. എല്ലാ കോടതികളുടെയും കുടുംബക്കോടതികളുടെയും അന്തരീക്ഷവും ഭൗതികസാഹചര്യങ്ങളും സ്ത്രീസൗഹൃദപരമായിരിക്കുമെന്ന് ഉറപ്പുവരുത്തും. കോടതിയിലെത്തുന്ന സ്ത്രീകൾക്ക് പ്രത്യേകം വിശ്രമമുറി, ടോയ്‌ലറ്റ്, വരാന്തകളിലും മറ്റ് ഇരിക്കാനുള്ള സൗകര്യം എന്നിവ ഉറപ്പാക്കും.

53.4 വീട്, കട, കമ്പനി, ഭൂമി, മറ്റ് ആസ്തികൾ എന്നിവയെല്ലാം സ്ത്രീക്കുകൂടി അവകാശം കിട്ടുന്ന തരത്തിൽ സംയുക്തപട്ടയവും ഉടമസ്ഥാവകാശവും ഉറപ്പാക്കും.

53.5 തുല്യജോലിക്കു തുല്യവേതനം, സ്ത്രീധനനിരോധനനിയമം, പി.എൻ.ഡി.റ്റി ആക്ട്, ഗാർഹിക പീഡനത്തിൽനിന്നും സ്ത്രീകളുടെ സംരക്ഷണത്തിനായുള്ള നിയമം തുടങ്ങിയ നിയമങ്ങളെല്ലാം കർശനമായി പാലിക്കപ്പെടുന്നതിന് ചുമലപ്പെട്ട സംവിധാനങ്ങളെ നിർബന്ധിക്കുകയും ഇവയുടെ നടത്തിപ്പ് സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള നിയമസഭാസമിതി ഇടക്കാലപരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്യും.

53.6 എല്ലാ ജില്ലകളിലും പോലീസ് വനിതാസെല്ലും പോലീസ് സ്റ്റേഷനുകളും ഗ്രാമപഞ്ചായത്ത്/നഗരസഭ ജാഗ്രതാസമിതികളും പരസ്പരം ഏകോപിപ്പിച്ചു പ്രവർത്തിക്കാനാവശ്യമായ സംഘടനാസംവിധാനവും ആശയവിനിമയ ശൃംഖലയും ഉണ്ടാക്കും.

53.7 മുഴുവൻ സ്ത്രീകൾക്കും സ്കൂൾകുട്ടികൾക്കും സ്ത്രീസംരക്ഷണനിയമങ്ങൾ സംബന്ധിച്ച നിയമസാക്ഷരത ലഭ്യമാക്കും.

53.8 കുടുംബശ്രീ, സ്ത്രീസംഘടനകൾ, ജാഗ്രതാസമിതികൾ, സ്കൂളുകൾ, കലാലയങ്ങൾ എന്നിവ വഴി നിയമബോധവല്ക്കരണം നടത്താൻ സഹായകമായ നിയമാവബോധ പാഠ്യപദ്ധതിയും സ്ത്രീസംരക്ഷണ നിയമങ്ങളുടെയും സംരക്ഷണ സംവിധാനങ്ങളുടെയും വിവരങ്ങൾ നൽകുന്ന നിയമപഠന കിറ്റും വിതരണം ചെയ്യും. ലീഗൽ അതോറിറ്റിയും വനിതാകമ്മീഷനും ചേർന്ന് അനൗപചാരിക നിയമവിദ്യാഭ്യാസപാഠശാല നടപ്പാക്കും.

53.9 ഗാർഹിക പീഡനത്തിനിരയായ സ്ത്രീകൾക്ക് ജാഗ്രതാസമിതിയുമായി ബന്ധപ്പെട്ട് സംരക്ഷണം നല്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കും.

53.10 സ്ത്രീതടവുകാർക്ക് തൊഴിൽപരിശീലനം, തൊഴിൽ, കൗൺസിലിംഗ്, രോഗചികിത്സ എന്നിവയ്ക്കാവശ്യമായ സംവിധാനങ്ങൾ ഉറപ്പാക്കും.

53.11 സ്ത്രീകൾക്ക് സംസ്ഥാനത്ത് നിലവിൽ തുറന്ന ജയിലുകളില്ലാത്ത സാഹചര്യത്തിൽ പ്രായമായ സ്ത്രീതടവുകാരെ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ താമസിപ്പിക്കും.

53.12 തടവുകാരുടെയും ഇരകളാക്കപ്പെട്ടവരുടേയും കുടുംബസാഹചര്യങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമത്തിനായുള്ള നടപടികൾ കൈക്കൊള്ളും.

53.13 ആദിവാസി ഭൂരിപക്ഷ മേഖലകൾ, മറ്റ് പിന്നാക്കാവസ്ഥയുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കും.

53.14 പെൺവാണിഭം, വ്യഭിചാരം തുടങ്ങിയ കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്ന കേസുകളിൽ കുറ്റവാളികളായ പുരുഷന്മാർക്കും മറ്റുള്ളവർക്കും അർഹമായ ശിക്ഷ ലഭിക്കുമെന്ന് ഉറപ്പാക്കും.

53.15 അസംഘടിത വനിതാതൊഴിലാളികളുടെ ക്ഷേമത്തിനായി നിയമനിർമ്മാണം കൊണ്ടുവരും.

53.16 കൗമാരപ്രായക്കാർ, ഗർഭിണികൾ, ലൈംഗികപീഡനത്തിനിരയായവർ, ഉപേക്ഷിക്കപ്പെട്ട അഗതികൾ, രോഗംമൂലം സാമൂഹ്യബഹിഷ്ക്കരണം നേരിടുന്നവർ എന്നിവരുടെ പരിരക്ഷയ്ക്കും പുനരധിവാസത്തിനും നിയമം രൂപപ്പെടുത്തും.

53.17 വിവാഹരജിസ്ട്രേഷൻ നടത്തുമ്പോൾതന്നെ വിവാഹത്തോടനുബന്ധിച്ച് ലഭ്യമായ സ്വത്തു സംബന്ധിച്ച വിവരങ്ങൾ, സമ്മാനങ്ങൾ മുതലായവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നത് നിർബന്ധമാക്കും.

53.18 വിവാഹധൂർത്തിന് നിയന്ത്രണങ്ങൾ കൊണ്ടുവരും.

53.19 കുടുംബകോടതികളുടെ വിധിതീർപ്പിന് സമയപരിധി നിർബന്ധമാക്കും.

53.20 സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ അന്വേഷിക്കാൻ വനിതകളുടെ നേതൃത്വത്തിൽ പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തും.

53.21 മാലികല്യാണം, അറബികല്യാണം, മൈസൂർ കല്യാണം തുടങ്ങി പെൺകുട്ടികളുടെ ജീവിതത്തിൽ കടുത്ത പ്രത്യാഘാതങ്ങളുണ്ടാക്കുന്ന വിവാഹബന്ധങ്ങൾ സംബന്ധിച്ച കേരളത്തിലെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിക്കും. ഇവയിൽനിന്ന് സംരക്ഷണം നൽകുന്നതിനാവശ്യമായ നിയമപരിരക്ഷ ഉറപ്പാക്കും.

53.22 സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഫലപ്രദമായി തടയുകയും ജാഗ്രതാസമിതികളെ ഉപയോഗിച്ച് സ്ത്രീകൾക്ക് നിയമസംരക്ഷണം ഉറപ്പാക്കുന്നതിൽ വിജയിക്കുകയും ചെയ്യുന്ന പഞ്ചായത്തുകളെ/നഗരസഭകളെ അക്രമവിമുക്ത പ്രദേശമായി (violence free zone) പ്രഖ്യാപിച്ച് അഭിനന്ദിക്കും.

## വികസനം, ഭരണം, അധികാരം

54.1 സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനുതകുന്ന തരത്തിൽ ലിംഗപദവി കാഴ്ച്ചപ്പാടോടെ തദ്ദേശസ്ഥാപനങ്ങളുടെയും സംസ്ഥാനസർക്കാരിന്റെയും പദ്ധതിവിഹിതത്തിന്റെ കുറഞ്ഞത് 10 ശതമാനം വനിതാഘടകപദ്ധതിക്കായി വകയിരുത്തും. സംസ്ഥാന-പ്രാദേശിക പദ്ധതികളിൽ ജെൻഡർ ബജറ്റിംഗും ജെൻഡർ ഓഡിറ്റിംഗും നിർബന്ധമാക്കും.

54.2 സംസ്ഥാനതലംമുതൽ പ്രാദേശികതലംവരെയുള്ള വികസന ആസൂത്രണ-നിർവഹണ-പരിശോധന പ്രക്രിയയിൽ സ്ത്രീപങ്കാളിത്തവും സ്ത്രീകളുടെ അഭിപ്രായങ്ങളും ഉറപ്പാക്കുകയും പരിഗണിക്കുകയും ചെയ്യും.

54.3 സംസ്ഥാനസർക്കാരിന്റെ വിവിധവകുപ്പുകൾ നടപ്പാക്കുന്ന സ്ത്രീവികസന പരിപാടികൾ, വനിതാഘടക പദ്ധതിയുടെ വിനിയോഗം എന്നിവ സംബന്ധിച്ച് സംസ്ഥാന സർക്കാർ രൂപീകരിക്കുന്ന ജെൻഡർ ബോർഡ് മോണിറ്ററിംഗ് നടത്തും. ഇവ സംബന്ധിച്ച് ആറുമാസത്തിലൊരിക്കൽ വിലയിരുത്തൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കും. ധനകാര്യവകുപ്പ് ബജറ്റ് വിനിയോഗത്തിന്റെ ജെൻഡർ ഓഡിറ്റിംഗ് നടത്തുകയും ബജറ്റിന്റെ ഭാഗമായി ഇതിന്റെ അവലോകനം ഉൾപ്പെടുത്തുകയും ചെയ്യും.

54.4 വിവിധനയങ്ങൾ രൂപീകരിക്കുന്നതിനും മറ്റ് വികസനപരിപാടികളുടെ നടത്തിപ്പിനും മറ്റുമായി സർക്കാർ രൂപീകരിക്കുന്ന സമിതികളിൽ മൂന്നിലൊന്നു സ്ത്രീപങ്കാളിത്തം ഉറപ്പാക്കും.

54.5 സർക്കാർ വകുപ്പുകളിലും അർദ്ധസർക്കാർ, സ്വകാര്യമേഖലകളിലും തൊഴിലുമായി ബന്ധപ്പെട്ടു നിലനില്ക്കുന്ന അപാകതകൾ പരിശോധിക്കാനും പരാതികൾ സ്വീകരിച്ച് പരിഹാരം നിർദ്ദേശിക്കാനും സമിതിയെ നിയോഗിക്കും.

54.6 ബോർഡുകൾ, കോർപ്പറേഷനുകൾ, സർക്കാരിന്റെ ഉന്നതതല സമിതികൾ; സ്ത്രീകൾ, കുട്ടികൾ, കുടുംബം എന്നിവ കൂടി പരിഗണന വിധേയമാകുന്ന അന്വേഷണ കമ്മീഷനുകൾ; സഹകരണ ബാങ്കുകളുടെ ഡയറക്ടർ ബോർഡ്, പഠനങ്ങൾക്കായി സർക്കാർ നിയോഗിക്കുന്ന സമിതികൾ തുടങ്ങിയവയിൽ കുറഞ്ഞത് മൂന്നിലൊന്നു സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കും.

54.7 നിയമനം, പ്രമോഷനുകൾ എന്നിവയ്ക്കായി രൂപീകരിക്കുന്ന കമ്മിറ്റികളിൽ ആനുപാതികമായ പ്രാതിനിധ്യം ഉണ്ടാകുമെന്ന് ഉറപ്പാക്കും.

## 55. ആരോഗ്യം

55.1 താഴെ സബ്സെന്റർ മുതൽ മുകൾത്തട്ടിൽ മെഡിക്കൽ കോളേജുവരെയുള്ള ആശുപത്രികൾ സ്ത്രീസൗഹൃദപരമായി പ്രവർത്തിക്കുന്നതിനുള്ള ഭൗതിക സാഹചര്യം സൃഷ്ടിക്കും.

55.2 സ്ത്രീരോഗികൾ, സ്ത്രീകളായ കൂട്ടിരിപ്പുകാർ, കുട്ടികൾ എന്നിവർക്കാവശ്യമായ സ്വകാര്യതയോടുകൂടിയതും വൃത്തിയുള്ളതുമായ ടോയ്ലറ്റ്, വിശ്രമസ്ഥലം, സ്ത്രീരോഗികൾക്ക് സ്വകാര്യതയോടുകൂടിയ പരിശോധനമുറി, ഫോൺസൗകര്യം എന്നിവ ഉറപ്പാക്കും. കുട്ടികളും വൃദ്ധരുമായ രോഗികൾക്ക് അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തും.

55.3 ആശുപത്രികളിലെ സ്ത്രീജീവനക്കാർക്ക് ആവശ്യമായ വിശ്രമമുറി, മറ്റ് സുരക്ഷാസംവിധാനങ്ങൾ എന്നിവ ഉറപ്പാക്കും.

55.4 സ്തനാർബുദം, ഗർഭാശയവും അനുബന്ധ അവയവങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന രോഗങ്ങൾ തുടങ്ങിയവ സംബന്ധിച്ച പ്രത്യേക പരിശോധന ക്യാമ്പുകൾ പ്രാദേശിക തലത്തിലെ ആരോഗ്യകേന്ദ്രങ്ങൾ വഴി നടത്തും.

55.5 അങ്കണവാടികളുമായുള്ള ആരോഗ്യസംരക്ഷണ സംവിധാനങ്ങളുടെ ബന്ധം കൂടുതൽ കാര്യക്ഷമമാക്കി പോഷകാഹാരവിതരണവും വിളർച്ചരോഗത്തിനെതിരായ പ്രതിരോധവും ഊർജ്ജിതമാക്കും.

55.6 പോഷകാഹാരവിതരണത്തിനായി കുടുംബശ്രീ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന സമ്പൂർണ്ണ പോഷകാഹാര മിക്സിന്റെ വിതരണം എല്ലാ അങ്കണവാടികളിലേക്കും വ്യാപിപ്പിക്കും.

55.7 ഗാർഹിക അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് പ്രത്യേകചികിത്സാ സംവിധാനത്തിനും കൗൺസിലിംഗിനും ആവശ്യമായ സെല്ലുകൾ സ്ഥാപിക്കും.

55.8 സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിനായി പരമ്പരാഗതമായി സ്വീകരിച്ചുവരുന്ന സമ്പ്രദായങ്ങൾ പരിശോധിച്ച് അനുഗുണമെന്നുതോന്നുന്നവയെ പ്രോത്സാഹിപ്പിക്കും.

55.9 ഗാർഹിക അതിക്രമം, കുട്ടികൾക്കെതിരായ ലൈംഗികപീഡനം, പെൺഭ്രൂണഹത്യ, സംശയരോഗം എന്നിവ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഇതുസംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും ജാഗ്രതാസമിതികളെയും പി.എച്ച്.സികളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും.

55.10 എച്ച്.ഐ.വി ബാധിതരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനും പ്രത്യേക സഹായനിധി രൂപീകരിക്കും. എച്ച്.ഐ.വി രോഗബാധിതരായ സ്ത്രീകൾക്കുള്ള പോഷകാഹാരവിതരണം, പ്രതിരോധ ചികിത്സ എന്നിവയ്ക്കുള്ള ചുമതല പി.എച്ച്.സിയും അതതുപ്രദേശത്തെ തദ്ദേശഭരണസ്ഥാപനവും ചേർന്ന് നിർവ്വഹിക്കും.

55.11 മാനസികരോഗത്തിൽനിന്നു വിമുക്തരായ സ്ത്രീകളുടെ പുനരധിവാസത്തിന് പ്രത്യേകപരിപാടി നടപ്പാക്കും. അവർക്ക് സമൂഹത്തിൽ സ്വീകാര്യത ലഭിക്കുന്നതിനാവശ്യമായ ബോധവല്ക്കരണം നടത്തും.

55.12 ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ അമ്മമാർ തുടങ്ങിയവരുടെ സാമൂഹ്യ സാമ്പത്തിക സാഹചര്യം പരിശോധിച്ച് മക്കളുടെ സംരക്ഷണം ഉറപ്പാക്കാൻ ആവശ്യമായ പിന്തുണനല്കും.

55.13 കയർ, കശുവണ്ടി, ചെമ്മീൻ സംസ്കരണശാല, റോഡുപണി തുടങ്ങി ആരോഗ്യപ്രശ്നങ്ങളുണ്ടാക്കാനിടയുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ആരോഗ്യ ഇൻഷൂറൻസ്, ഇ.എസ്.ഐ ആനുകൂല്യങ്ങൾ എന്നിവ നടപ്പാക്കും.

55.14 പ്രാഥമിക ആരോഗ്യകേന്ദ്രം മുതൽ മുകളിലേക്കുള്ള ആശുപത്രികളിൽ തൊഴിൽജന്യരോഗങ്ങൾ ചികിത്സിക്കുന്നതിനുള്ള പ്രത്യേകപരിഗണന നല്കും.

55.15 തൊഴിൽജന്യരോഗങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനാവശ്യമായ പോസ്റ്ററുകൾ സബ്സെന്ററുകൾ, പി.എച്ച്.സി, ആശുപത്രികൾ, തൊഴിലിടങ്ങൾ, മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കും.

55.16 സ്ത്രീകൾ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിൽ കമ്മ്യൂണിറ്റി ഹെൽത്തുസെന്ററുകളുടേയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സൗകര്യങ്ങൾ സംബന്ധിച്ച പരിശോധന, ഹെൽത്ത് ചെക്കപ്പ് എന്നിവ മൂന്നുമാസത്തിലൊരിക്കൽ നടത്തും.

55.17 താരതമ്യേന ലഘുവായ, പുരുഷന്മാരുടെ വന്ധീകരണ ഓപ്പറേഷൻ (എൻ.എസ്.വി.)സംബന്ധിച്ച് ആവശ്യമായ ബോധവല്ക്കരണം നടത്തും.

55.18 സ്വകാര്യക്ലിനിക്കുകളും സ്വകാര്യആശുപത്രികളും അവർ നടത്തുന്ന സ്കാനിംഗുകളുടെയും ഗർഭഛിദ്രത്തിന്റെയും വിവരങ്ങൾ സൂക്ഷിക്കുന്നുണ്ടെന്നും സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തും.

55.19 മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽജന്യരോഗങ്ങളുമായി ബന്ധപ്പെടുത്തിയുള്ള പരിശോധന ആശുപത്രികളിൽ ഉറപ്പാക്കും.

55.20 ആദിവാസി സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തിന് പട്ടികവർഗവികസനവകുപ്പ്, ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ്, പഞ്ചായത്ത്, കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിൽ ഊർജ്ജിത നടപടികൾ സ്വീകരിക്കും.

55.21 ഉൾപ്രദേശങ്ങളിലുള്ള ആദിവാസികോളനികളിൽ ആരോഗ്യപരിശോധനയ്ക്കും ഗർഭിണികളുടെയും നവജാതശിശുക്കളുടെയും പരിശോധനയ്ക്കുമായി സ്ഥിരം മൊബൈൽ പരിശോധനാ സംവിധാനം ഏർപ്പെടുത്തും.

55.22 ആർത്തവം, ഗർഭധാരണം, പ്രസവം എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അബദ്ധധാരണകളും തിരുത്തുന്നതിനായി ആദിവാസി സ്ത്രീകൾക്ക് പരിശീലനം നൽകും.

55.23 ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിക്ക് കീഴിലുള്ള 'ആശ' പ്രവർത്തകർക്ക് മിഡ്വൈഫ് പരിശീലനം നൽകി ആദിവാസി മേഖലകളിൽ പ്രസവവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ നിയന്ത്രിക്കും.

55.24 ആദിവാസി ഭൂരിപക്ഷമേഖലകളിൽ ലേബർറൂമും ഓപ്പറേഷൻ തിയേറ്ററുമുൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടിയ ആശുപത്രികൾ ഉറപ്പുവരുത്തും.

55.25 ആദിവാസി സ്ത്രീകളിലും പെൺകുഞ്ഞുങ്ങളിലുമുള്ള വിളർച്ച പരിഹരിക്കുന്നതിന് അങ്കണവാടികളിലൂടെ പ്രത്യേക പോഷകാഹാരവിതരണ പരിപാടി നടപ്പാക്കും.

55.26 ആദിവാസികൾക്കിടയിൽ കാണുന്ന അരിവാൾരോഗം പോലുള്ളവ സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

55.27 ആദിവാസിമേഖലയിലെ മദ്യപാനത്തിനടിപ്പെട്ടവർക്കായി മദ്യമുക്തിക്കായുള്ള ഡീഅഡിക്ഷൻ സെന്ററുകളും കൗൺസിലിംഗ് സെന്ററുകളും സർക്കാരാശുപത്രികളുടെ ഭാഗമായി സ്ഥാപിക്കും.

## 56. വിദ്യാഭ്യാസം

56.1 ഭാവിയിൽ സ്ത്രീകൾക്ക് സാമ്പത്തികസ്വാശ്രയത്വം നേടാൻ പറ്റുന്നതരത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം പുനരാവിഷ്ക്കരിക്കും.

56.2 അങ്കണവാടിസെന്ററുകളെ പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി പരിഗണിച്ച് അങ്കണവാടികളിലെ പ്രീ-പ്രൈമറി പ്രവർത്തനം മെച്ചപ്പെടുത്തും.

56.3 ലിംഗപദവിതുല്യതയെ സംബന്ധിച്ച ധാരണകൾ കുട്ടികളിൽ സൃഷ്ടിക്കാനുതകുന്ന ജെൻഡർപഠനം സ്കൂൾപാഠ്യപദ്ധതിയുടെ ഭാഗമാക്കും.

56.4 പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംഭവിക്കുന്ന പ്രദേശങ്ങളിൽ തദ്ദേശഭരണസ്ഥാപനത്തിന്റെ സഹായത്തോടെ അവരുടെ പഠനം മുന്നോട്ടുകൊണ്ടുപോകാനുള്ള സംവിധാനത്തിന് വിദ്യാഭ്യാസവകുപ്പ്വഴി രൂപംനല്കും.

56.5 സ്കൂളിലെ പഠനാന്തരീക്ഷം പെൺകുട്ടി സൗഹൃദ(girl friendly)പരമാക്കും. ഇതിനായി അദ്ധ്യാപകർക്കും അദ്ധ്യാപകേതര ജീവനക്കാർക്കും ആവശ്യമായ പരിശീലനം നല്കും.

56.6 കൗമാരക്കാരുടെ ശാരീരിക മാനസികാരോഗ്യം സംരക്ഷിക്കുവാനും ആത്മവിശ്വാസം വളർത്താനും സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കും.

56.7 പെൺകുട്ടികൾക്ക് സൈക്കിളിംഗ്, മറ്റ് കായികപരിശീലനം, സ്വയംപ്രതിരോധ പരിശീലനം എന്നിവയിൽ പ്രത്യേക ഊന്നൽ നൽകുന്നതരത്തിൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കും.

56.8 തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലകളിലേക്ക് പെൺകുട്ടികളെ ആകർഷിക്കാൻ ആവശ്യമായ പശ്ചാത്തലം സ്കൂളുകളിൽ തന്നെ ഒരുക്കും.

56.9 സ്കൂളുകൾ കേന്ദ്രീകരിച്ച് വൊക്കേഷണൽ ഗൈഡൻസ് സെന്റർ സ്ഥാപിക്കും.

56.10 എല്ലാ സ്കൂളുകളിലും ജെൻഡർക്ലബ്ബുകൾ സ്ഥാപിക്കുകയും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ലിംഗപദവിബോധം സംബന്ധിച്ച ധാരണ സൃഷ്ടിക്കാൻ പര്യാപ്തമായ ക്ലാസുകൾ, സംവാദങ്ങൾ, ചിത്ര-പോസ്റ്റർ പ്രദർശനങ്ങൾ, പഠനപരിപാടികൾ എന്നിവ സംഘടിപ്പിക്കും.

56.11 പെൺകുട്ടികളെ എല്ലാ തൊഴിൽമേഖലകളിലേക്കും ആകർഷിക്കുന്ന തരത്തിൽ വൊക്കേഷണൽ ട്രെയിനിംഗ് പുനരാവിഷ്ക്കരിക്കും.

56.12 സ്കൂളുകളിലും കോളേജുകളിലും പെൺകുട്ടികൾക്കും അദ്ധ്യാപികമാർക്കും ആവശ്യമായ സ്വകാര്യതയോടുകൂടിയ ടോയ്‌ലറ്റുകൾ ഉണ്ടാകുമെന്ന് ഉറപ്പുവരുത്തും. വെള്ളം, അടച്ചുറപ്പുള്ള വാതിൽ, വേസ്റ്റ്ബിൻ തുടങ്ങിയ സൗകര്യങ്ങൾ പെൺകുട്ടികളുടെ ടോയ്‌ലറ്റുകൾക്കുണ്ടോയെന്ന പരിശോധന നിർബന്ധമാക്കും.

56.13 പെൺകുട്ടികളുടെ കായികവളർച്ചയ്ക്കായി സ്കൂളിനും സ്കൂളിനുപുറത്തും കളിസ്ഥലങ്ങളും നീന്തൽക്കുളങ്ങളും മറ്റ് കളി ഉപകരണങ്ങളും ഉറപ്പാക്കുന്നതിനുള്ള പരിപാടി സ്കൂളുകൾ, തദ്ദേശഭരണസ്ഥാപനങ്ങൾ, ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ എന്നിവ ചേർന്ന് നടപ്പാക്കും.

56.14 സർക്കാർ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പറ്റുന്ന തരത്തിലുള്ള കോഴ്സുകൾ പാർട്ട്ടൈം ആയി പോളിടെക്നിക്കുകൾ, ഐ.ടി.ഐ, കാർഷിക കോളേജ് എക്സറ്റൻഷൻ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയവ വഴി നടപ്പാക്കും.

56.15 മറ്റുതൊഴിലിനു പോകാത്ത സ്ത്രീകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന തൊഴിൽപരിശീലനം വനിതാവികസനകോർപ്പറേഷൻ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ, കാർഷിക കോളേജ്, വെറ്റിനറി കോളേജ്, വ്യവസായ വകുപ്പ് തുടങ്ങിയവയുടെ സഹായത്തോടെ നടപ്പാക്കും.

56.16 വായനശാലകളിലേക്ക് സ്ത്രീകളെ ആകർഷിക്കാൻ സഹായകമായ പരിപാടികൾ പ്രോത്സാഹിപ്പിക്കും. വനിതാവായനശാലകളുടെ ശൃംഖലയും വായനക്കൂട്ടായ്മയും പ്രോത്സാഹിപ്പിക്കും.

56.17 തുടർവിദ്യാഭ്യാസപരിപാടി സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക വളർച്ചയ്ക്ക് ഉതകുംവിധം നടപ്പാക്കും.

56.18 ദരിദ്രരായ പെൺകുട്ടികൾക്ക് പഠനമികവിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം ലഭ്യമാക്കും.

56.19 ആദിവാസി പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധനൽകും.

56.20 ആദിവാസി പെൺകുട്ടികളുടെ റസിഡൻഷ്യൽ ഹോസ്റ്റലുകളിൽ സുരക്ഷാസംവിധാനം കർശനമാക്കും.

56.21 തൊഴിലധിഷ്ഠിത കോഴ്സുകളിലും പാരാമെഡിക്കൽ കോഴ്സുകളിലും ചേരുന്നതിന് ആദിവാസി പെൺകുട്ടികൾക്ക് പ്രോത്സാഹനം നൽകും. ഇത്തരം ഹോസ്റ്റലുകളുടെ ഭാഗമായി പട്ടികവർഗ്ഗ വകുപ്പുമായി ചേർന്ന് സാമൂഹ്യപ്രവർത്തകരായ സ്ത്രീകൾ അംഗങ്ങളായുള്ള പരിശോധനാ സംവിധാനം നടപ്പിലാക്കും.

## 57. തൊഴിൽ, സാമ്പത്തിക വികസനം

57.1 പുതിയ സാങ്കേതികവിദ്യയിലും വ്യത്യസ്തമായ തൊഴിലുകളിലും സ്ത്രീകൾക്ക് വൈദഗ്ധ്യം ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും ഫിനിഷിംഗ് സ്കൂളുകൾ ആരംഭിക്കും

57.2 സ്ത്രീകളുടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി നാമമാത്ര പലിശയോടുകൂടിയ വായ്പാ പദ്ധതികൾ നടപ്പിലാക്കും

57.3 കുടുംബശ്രീ സംഘങ്ങൾ, മഹിളാ സമാജങ്ങൾ, സ്വംയസഹായ സംഘങ്ങൾ വഴിയും മറ്റും സ്ത്രീകളുണ്ടാക്കുന്ന വിവിധ ഉല്പന്നങ്ങളുടെ വിപണനം സിവിൽ സപ്ലൈസ് കോർപ്പറേഷൻ അടക്കമുള്ള വിപണന സംവിധാനമുപയോഗിച്ച് നടപ്പാക്കും

57.4 വനിതാ വ്യവസായികളും സ്ത്രീകളുടെ സംഘങ്ങളുമുണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് ആവശ്യമായ പരസ്യവും പ്രോത്സാഹനവും ഉറപ്പാക്കാൻ വിവിധ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലൂടെ മുൻകൈയെടുക്കും

57.5 സ്ത്രീകൾ അപൂർവ്വമായി മാത്രം കടന്നുവന്നിട്ടുള്ള തൊഴിൽമേഖലകൾ, സ്ത്രീകൾ ഇന്നേവരെ കടന്നുവന്നിട്ടില്ലാത്ത തൊഴിൽമേഖലകൾ എന്നിവിടങ്ങളിൽ നിശ്ചിത ശതമാനം മുൻഗണന നൽകി സ്ത്രീകളുടെ നിയമനം പ്രോത്സാഹിപ്പിക്കും

57.6 പോലീസ് സംവിധാനത്തിൽ കുറഞ്ഞത് മൂന്നിലൊന്ന് സ്ത്രീപങ്കാളിത്തം എല്ലാ തലങ്ങളിലും ഉറപ്പാക്കും

57.7 സ്ത്രീകൾക്ക് തുല്യജോലിക്ക് തുല്യവേതനം ലഭിക്കാത്ത മേഖലകൾ സംബന്ധിച്ച് പരിശോധിക്കുകയും ഒരു വർഷത്തിനകം മിനിമം വേജ്, പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ, പ്രസിദ്ധീകരിക്കപ്പെട്ട മറ്റ് കൂലി നിരക്കുകൾ എന്നിവയിലെ ലിംഗവിവേചനം ഇല്ലാതാക്കുകയും ചെയ്യും

57.8 തുല്യജോലിക്ക് തുല്യവേതനം ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ ലേബർ ഓഫീസർമാർ വഴി പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. തൊഴിലാളി യൂണിയനുകളുമായി ചർച്ചചെയ്ത് നിയമം നടപ്പാക്കുന്നതിനുള്ള അന്തരീക്ഷം എല്ലാ തൊഴിൽമേഖലകളിലും സൃഷ്ടിക്കും

57.9 ആഗോളവൽക്കരണ സാമ്പത്തിക നയങ്ങൾ കേരളത്തിലെ പരമ്പരാഗത മേഖലകളിലും അസംഘടിത മേഖലകളിലും ചെറുകിട വ്യവസായ മേഖലയിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ചും സ്ത്രീജീവിതത്തിൽ സൃഷ്ടിക്കുന്ന ആഘാതങ്ങൾ സംബന്ധിച്ചും പഠനം നടത്തും. അതിന്റെ അടിസ്ഥാനത്തിൽ ഈ മേഖലകളിലെ സ്ത്രീകൾക്ക് പിന്തുണാസംവിധാനങ്ങൾ ഏർപ്പെടുത്തും

57.10 കൈത്തറി, മുള, ഈറ്റ ഉല്പന്നങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേക വൈദഗ്ധ്യം ഉറപ്പാക്കുകയും വനിതാവികസന കോർപ്പറേഷനും ബാംബു കോർപ്പറേഷനും തദ്ദേശ ഭരണസ്ഥാപനങ്ങളും വഴി ഉല്പാദനസംരംഭങ്ങൾ നടപ്പാക്കുകയും ചെയ്യും

57.11 സാമ്പത്തിക മൂല്യം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ കാർഷിക-മൃഗസംരക്ഷണ മേഖലയിൽ പരിശീലനവും ഉല്പാദന സംരംഭങ്ങൾക്ക് പ്രോത്സാഹനവും നൽകും

57.12 തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉണ്ടാകുമെന്ന് ഉറപ്പാക്കും. ഇത്തരം പരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത്/നഗരസഭയിലെ ജാഗ്രതാസമിതിയെ ചുമതലപ്പെടുത്തും

57.13 തൊഴിലിടങ്ങളിലെ ലൈംഗികപീഡനം തടയുന്നതുമായി ബന്ധപ്പെട്ടുള്ള പരാതി പരിഹാര സെല്ലിന്റെ പ്രവർത്തനം ഫലപ്രദമാണോ എന്ന പരിശോധന കർക്കശമാക്കും. ജാഗ്രതാ സമിതികളുടെ സഹായത്തോടെ സംസ്ഥാന വനിതാകമ്മീഷൻ ഈ പരിശോധന നടത്തും

57.14 തൊഴിൽചെയ്യുന്ന സ്ത്രീകൾക്കായി വർക്കിങ്ങ് വിമൻസ് ഹോസ്റ്റലുകൾ എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും സ്ഥാപിക്കും. ഇത്തരം ഹോസ്റ്റലുകളിൽ ജോലിയുടെ സവിശേഷത അനുസരിച്ചുള്ള സമയക്രമംപാലിക്കുന്നതിനുള്ള നിബന്ധന നടപ്പാക്കും

57.15 വരുമാനം കുറഞ്ഞ സ്ത്രീകൾക്കായുള്ള വർക്കിങ്ങ് വിമൻസ് ഹോസ്റ്റലുകൾ സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും നഗരസഭകളും സ്ഥാപിക്കും

57.16 കേരളത്തിൽ നിന്ന് ജോലിക്കായി സംസ്ഥാനത്തിനു പുറത്തേക്കും വിദേശ രാജ്യങ്ങളിലേക്കും പോകുന്ന സ്ത്രീകളുടെ രജിസ്ട്രേഷനും അവരുടെ വിശദവിവരങ്ങളുടെ രജിസ്റ്ററും പഞ്ചായത്തിൽ/നഗരസഭയിൽ സൂക്ഷിക്കും. ജില്ലാ ലേബർ ഓഫീസറുടെ അറിവോടുകൂടിയല്ലാതെ മറ്റ് നാടുകളിലേക്ക് ജോലിക്ക് സ്ത്രീകളെ കൊണ്ടുപോകുന്നത് കർശനമായി തടയും

57.17 സെയിൽസ്ഗേൾസ്, പെട്രോൾബങ്ക്, എസ്.ടി.ഡി ബൂത്ത്, ഡി.ടി.പി സെന്ററുകൾ, സ്വകാര്യ ആശുപത്രി ജീവനക്കാർ, അൺഎയ്ഡഡ് സ്കൂൾ അദ്ധ്യാപകരും അനദ്ധ്യാപകരും, വീട്ടുജോലി, ഹോംനഴ്സ് തുടങ്ങി അസംഘടിത മേഖലയിൽ പണിചെയ്യുന്ന സ്ത്രീകൾക്ക് മിനിമം കൂലി ഉറപ്പാക്കും. അവരുടെ ജോലി സമയം, സേവനവേതന വ്യവസ്ഥകൾ, ആരോഗ്യസംരക്ഷണം എന്നിവയ്ക്കാവശ്യമായ സംവിധാനം തൊഴിൽവകുപ്പുവഴി നടപ്പാക്കും.

57.18 സെയിൽസ്ഗേൾസ്, പെട്രോൾബങ്ക്, ഹോംനഴ്സ് എന്നിവർക്ക് പഞ്ചായത്ത് രജിസ്ട്രേഷനും ഐഡന്റിറ്റി കാർഡും ഉറപ്പാക്കും

57.19 ഐ.ടി കമ്പനികളിൽ ജോലിയെടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുകയും അവർക്ക് തൊഴിൽ സുരക്ഷാസംവിധാനം ലഭ്യമാകുന്ന തരത്തിൽ തൊഴിൽവകുപ്പും തൊഴിലുടമകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുകയും ചെയ്യും

57.20 വീടിനകത്തും പുറത്തുമായി സ്ത്രീകൾ ചെയ്യുന്ന എല്ലാ പണികളും സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും കാണാപ്പണികളിലൂടെ സ്ത്രീകൾ സമൂഹത്തിന് ചെയ്യുന്ന സംഭാവന അംഗീകരിക്കുകയും ചെയ്യും

57.21 കളിമണ്ണ്, തഴ, ഈറ്റ തുടങ്ങിയവ ഉപയോഗിച്ച് പരമ്പരാഗതമായി ഉല്പന്നങ്ങൾ ഉണ്ടാക്കിയിരുന്ന സ്ത്രീകൾക്ക് വിദഗ്ധ പരിശീലനം നൽകിക്കൊണ്ട് ഈ മേഖലകളിൽ വൈവിദ്ധ്യവൽക്കരണത്തിനും ആധുനീകരണത്തിനും വേണ്ട നടപടികൾ സ്വീകരിക്കും

57.22 പരമ്പരാഗത ഊർജ്ജമേഖലയിൽ സ്ത്രീപങ്കാളിത്തത്തോടെ സൗരോർജ്ജം, ബയോഗ്യാസ്, പുകയില്ലാത്ത അടുപ്പ് എന്നിവയ്ക്ക് പ്രചാരം നൽകും

57.23 തൊഴിലാളിക്ഷേമനിധികളുടെ ഗുണഭോക്താക്കൾ എന്ന നിലയിലും അതിന്റെ നേതൃത്വം എന്ന നിലയിലും സ്ത്രീകൾ കടന്നുവരുന്നത് പ്രോത്സാഹിപ്പിക്കും. സ്ത്രീകൾ ഇനിയും അംഗങ്ങളാകാത്ത ക്ഷേമനിധികളുമായി സ്ത്രീകളെ ബന്ധപ്പെടുത്തും.

57.24 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യ വിപണനത്തിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കും. സുനാമി പുനരധിവാസത്തിന്റെ ഭാഗമായി നടപ്പാക്കിയ മാരുതി ഓമ്നി വാൻ ഉപയോഗിച്ച് മത്സ്യവില്പനക്കാരികളായ സ്ത്രീകളുടെ യാത്രാസൗകര്യത്തിന്റെ മാതൃക സ്ത്രീകൾ കൂടുതൽ യാത്രചെയ്ത് മത്സ്യക്കച്ചവടം നടത്തുന്ന മറ്റു പ്രദേശങ്ങളിലും നടപ്പാക്കും

57.25 ഉണക്കമത്സ്യം, മത്സ്യഅച്ചാർ പോലുള്ള ഉല്പന്നങ്ങൾ ശുചിത്വമുള്ള ഭൗതിക സാഹചര്യങ്ങളിൽ ഉണ്ടാക്കുവാനും സൂക്ഷിക്കുവാനും വിപണനം ചെയ്യുവാനും പരിശീലനവും ഭൗതിക സാഹചര്യങ്ങളും മത്സ്യമേഖലയിൽ ഉറപ്പാക്കും

57.26 തൊഴിലന്വേഷകർ, വിദ്യാഭ്യാസ യോഗ്യത, വിദഗ്ധ പരിശീലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ ഒരു ഡാറ്റാബാങ്ക് നഗരസഭകളിലും എല്ലാ പഞ്ചായത്തുകളിലും സജ്ജമാക്കും.

57.27 തൊഴിലന്വേഷകരായ സ്ത്രീകളുടെ ഡാറ്റാബാങ്കിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ തൊഴിലുടമകളെക്കൂടി ബന്ധപ്പെടുത്തിക്കൊണ്ട് വിമൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രാദേശികതലത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ രൂപീകരിക്കും

57.28 ആദിവാസി ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ പ്രാദേശിക സവിശേഷതകളും ആവശ്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള തൊഴിൽ പരിശീലനങ്ങളും ഉല്പാദന സംരംഭങ്ങളും ആരംഭിക്കുന്നതാണ്

57.29 അട്ടപ്പാടിയിൽ ആദിവാസിസ്ത്രീകൾ പരമ്പരാഗതമായി കൃഷിചെയ്യുന്ന തുവര, റാഗി കൃഷികളെ പ്രോത്സാഹിപ്പിക്കുകയും അവ വിപുലമായ അടിസ്ഥാനത്തിൽ കൃഷിചെയ്ത് പ്രത്യേക ബ്രാൻഡുനൽകി സംസ്ഥാനതല മാർക്കറ്റിംഗ് ഉറപ്പാക്കുകയും ചെയ്യും.

57.30 ആദിവാസി സ്ത്രീകൾക്ക് സെറികൾച്ചർ, മുളയുല്പന്നങ്ങൾ, പരമ്പരാഗത കരകൗശലം എന്നിവയിൽ വിദഗ്ധപരിശീലനം നൽകി അവ നിർമ്മിക്കുന്നതിനും സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള പിന്തുണാസംവിധാനം നടപ്പാക്കും.

57.31 വനവിഭവങ്ങൾ ശേഖരിക്കുന്നതിനും അവ വിറ്റഴിക്കുന്നതിനും ആദിവാസി സ്ത്രീകൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കും.

57.32 സീസണലായി ജോലിചെയ്യുന്ന സ്ത്രീകൾക്ക് സീസണല്ലാത്ത കാലങ്ങളിൽ ചെയ്യാനാകുന്ന സംരംഭങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും വനിതാ വികസന കോർപ്പറേഷന്റെയും സഹായത്തോടെ നടപ്പാക്കും.

57.33 സ്ത്രീകളുടെ നേതൃത്വത്തിലുള്ള കാർഷിക സംരംഭങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകും. പച്ചക്കറി സ്വയംപര്യാപ്തഗ്രാമങ്ങൾ സ്ത്രീകളുടെ മുൻകയ്യിൽ ഉണ്ടാക്കും

57.34 കേരളത്തിന്റെ പാൽ-മുട്ട രംഗത്ത് സ്വയം പര്യാപ്തത എന്ന ലക്ഷ്യം വച്ചുകൊണ്ട് പശുവളർത്തൽ, ആടുവളർത്തൽ, മുട്ടക്കോഴി തുടങ്ങിയ മേഖലകളിൽ സ്ത്രീകളുടെ സംഘങ്ങളുടെ നേതൃത്വത്തിൽ സംരംഭങ്ങളുടെ ശൃംഖല ആരംഭിക്കും.

57.35 ലൈംഗിക തൊഴിലാളികളുടെ പുനരധിവാസത്തിനായി തൊഴിൽ പരിശീലനപരിപാടികളും തൊഴിൽസംരംഭങ്ങളും നടപ്പിലാക്കും.

## 58. അതിക്രമങ്ങൾക്കെതിരെ

58.1 അടുത്ത രണ്ടു വർഷത്തിനുള്ളിൽ കേരളത്തിലെ പകുതി പഞ്ചായത്ത്/നഗരസഭകളെങ്കിലും സ്ത്രീകൾക്കെതിരായ ആക്രമണങ്ങളുടെ കാര്യത്തിൽ അതിക്രമവിമുക്ത പ്രദേശമായി (Violence free zone) പ്രഖ്യാപിക്കാൻ പറ്റുന്ന തരത്തിൽ ജാഗ്രതാസമിതി പ്രവർത്തനം ശക്തിപ്പെടുത്തും. അടുത്തഅഞ്ചുവർഷത്തിനുള്ളിൽ കേരളത്തെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ കാര്യത്തിൽ അതിക്രമവിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ പറ്റുന്ന തരത്തിൽ നീതിന്യായ സംവിധാനങ്ങളും സാമൂഹ്യസുരക്ഷാ സംവിധാനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും വനിതാസംഘടനകളും ഏകോപിപ്പിച്ചുകൊണ്ടുള്ള അതിക്രമവിരുദ്ധ തീവ്രയത്നപരിപാടിക്ക് രൂപംനൽകും. സാമൂഹ്യക്ഷേമ വകുപ്പും വനിതാകമ്മീഷനും പോലീസ് വകുപ്പും നിയമവകുപ്പും സംയുക്തമായി ഈ പരിപാടിക്ക് നേതൃത്വം നൽകും.

58.2 സ്ത്രീസംരക്ഷണ നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കാനാവശ്യമായ പിന്തുണ ഉറപ്പാക്കും.

58.3 സ്ത്രീപീഡന കേസുകളിൽ കോടതികളുടെ കാലതാമസം ഒഴിവാക്കും. കേസ് നടക്കുന്ന വേളയിൽ വീട്ടിൽ സുരക്ഷിതത്വമില്ലാത്ത സ്ത്രീകൾക്ക് താമസിക്കുന്നതിനായി എല്ലാ ജില്ലകളിലും ഷോർട്ട് സ്റ്റേ ഹോം സ്ഥാപിക്കും.

58.4 യാത്രചെയ്യുന്ന സ്ത്രീകൾക്ക് താൽക്കാലിക താമസത്തിനായി സാമൂഹ്യക്ഷേമവകുപ്പ് ആരംഭിച്ച വൺഡേ ഹോം മാതൃകയിൽ നൈറ്റ് ഷെൽട്ടറുകൾ എല്ലാ നഗരങ്ങളിലും സ്ഥാപിക്കും. ഇവ സംബന്ധിച്ച വിവരങ്ങൾ, അടിയന്തിര ഘട്ടത്തിൽ ബന്ധപ്പെടേണ്ട പോലീസ് വനിതാ സെൽ നമ്പർ എന്നിവ സംബന്ധിച്ച് വിവരങ്ങൾ നൽകുന്ന പോസ്റ്ററുകൾ എല്ലാ ബസ് സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും സ്ഥാപിക്കും.

58.5 യാത്രചെയ്യുന്ന സ്ത്രീകൾക്കാവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഉറപ്പാക്കും

58.6 നഗരങ്ങളിൽ ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് വനിതാ പോലീസിന്റെ കൂടി സാന്നിദ്ധ്യമുള്ള പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കും.

58.7 കുടുംബത്തിനുള്ളിൽ ജനാധിപത്യ ബന്ധവും തുറന്ന ചർച്ചകളും പ്രോത്സാഹിപ്പിക്കുന്നതിന് സഹായകമായ ആശയപ്രചരണം നടത്തും.

58.8 ലൈംഗികപീഡനത്തിനിരയായ പെൺകുട്ടികളുടെ പുനരധിവാസത്തിനും തുടർവിദ്യാഭ്യാസത്തിനും സഹായകമായ പദ്ധതികൾ നടപ്പാക്കും.

## 59. സാമൂഹ്യസുരക്ഷ

59.1 നിലവിലുള്ള സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ ഫലപ്രദവും കുറ്റമറ്റതുമാക്കാനുള്ള നടപടികൾ കൈക്കൊള്ളും

59.2 അബലാമന്ദിരം, മഹിളാമന്ദിരം, ആശാഭവൻ തുടങ്ങിയ സാമൂഹ്യക്ഷേമ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉറപ്പാക്കും. ഈ സ്ഥാപനങ്ങളിൽ പ്രത്യേകം സെക്യൂരിറ്റി സംവിധാനം ഉണ്ടാക്കും.

59.3 ഇവിടങ്ങളിലെ അന്തേവാസികളായ സ്ത്രീകളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് സഹായകമായ രീതിയിൽ തൊഴിൽപരിശീലനവും തൊഴിൽസംരംഭങ്ങളും നടപ്പാക്കും. കൗൺസിലിംഗിനായുള്ള സ്ഥിരസംവിധാനം ഉണ്ടാക്കും.

59.4 സാമൂഹ്യക്ഷേമവകുപ്പിനു കീഴിലുള്ള മന്ദിരങ്ങളിലെ അന്തേവാസികളായ സ്ത്രീകളുടെ മാനസികോല്ലാസത്തിന് ഉതകുന്ന തരത്തിൽ വായനയും മറ്റ് വിനോദോപാധികളും പ്രോത്സാഹിപ്പിക്കും. അന്തേവാസികളുടെ ആരോഗ്യസംരക്ഷണത്തിനായി മാസത്തിലൊരിക്കൽ ആരോഗ്യപരിശോധന നിർബന്ധമാക്കും.

59.5 മഹിളാമന്ദിരം, അബലമന്ദിരം, ആശാഭവൻ എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുകയും ജോലിയിലുള്ള സംതൃപ്തി ഉറപ്പുവരുത്തുന്ന തരത്തിൽ പ്രവർത്തനത്തിനാവശ്യമായ ഭൗതികസാഹചര്യം ലഭ്യമാക്കുകയും ചെയ്യും.

59.6 അഗതികളായ വിധവകൾ, മുതിർന്ന പൗരകൾ എന്നിവർക്കായി സാമൂഹ്യക്ഷേമ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും പകൽവീടുകൾ, സദനങ്ങൾ എന്നിവ നിർമ്മിക്കും.

59.7 വിധവകളുടെ കൃത്യമായ വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ശേഖരിക്കുകയും അവർക്ക് തൊഴിൽ ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

59.8 ലൈംഗികത്തൊഴിലാളികൾ, മറ്റ് ദുരിതാവസ്ഥയിലുള്ള സ്ത്രീകൾ, ജയിൽമോചിതരായ നിരാശ്രയരായ സ്ത്രീകൾ എന്നിവർക്കായി കേന്ദ്രസർക്കാർ ആവിഷ്കരിച്ചിട്ടുള്ള 'സ്വാധാർ' പദ്ധതി ഫലപ്രദമായി നടപ്പാക്കുകയും ആവശ്യമെങ്കിൽ അതിന്റെ മാതൃകയിൽ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യും.

59.9 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്ക് സംരക്ഷണത്തിനും പുനരധിവാസത്തിനും പദ്ധതികൾ നടപ്പാക്കും.

## 60. സംസ്കാരം-മാധ്യമം

60.1 സാംസ്കാരിക രംഗത്ത് തനതു മുദ്രപതിപ്പിച്ച സ്ത്രീകളുടെ വിവരങ്ങൾ സമാഹരിക്കും.

60.2 സാഹിത്യം കല, കായികരംഗം, മാധ്യമം, രാഷ്ട്രീയം, ശാസ്ത്രം, സാമൂഹ്യപ്രവർത്തനം തുടങ്ങിയ രംഗങ്ങളിൽ നിർണ്ണായക പങ്കുവഹിച്ച കേരളത്തിലെ സ്ത്രീകളുടെ വിവരങ്ങൾ ലഘു വിവരണങ്ങളായി നൽകാൻ കഴിയുന്ന തരത്തിൽ തയ്യാറാക്കുകയും കേരളത്തിലെ സ്ത്രീകളെക്കുറിച്ച് വെബ്സൈറ്റിന് രൂപംകൊടുത്ത് അതിലൂടെ ലോകത്തെങ്ങുമുള്ളവർക്ക് ലഭ്യമാക്കുകയും ചെയ്യും.

60.3 സ്ത്രീകളുടെ സാംസ്കാരിക കൂട്ടായ്മകൾ, ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങിയവ പ്രോത്സാഹിപ്പിക്കും.

60.4 സ്ത്രീകളുടെ വായനശാലകളുടെ ശൃംഖല ഉണ്ടാക്കുകയും യൂണിവേഴ്സിറ്റി വനിതാ പഠന വിഭാഗം, കോളേജ് വനിതാ സെല്ലുകൾ എന്നിവയുമായി ബന്ധപ്പെടുത്തി പഠനപ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും സംഘടിപ്പിക്കുകയും ചെയ്യും.

60.5 പാരമ്പര്യ കലാരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ, നാടൻകലാകാരികൾ എന്നിവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകും.

60.6 താല്പര്യമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും വീഡിയോഗ്രഫിയിൽ പരിശീലനം നൽകിക്കൊണ്ട് ഡോക്യുമെന്ററികളും ഷോർട്ട് ഫിലിമുകളും നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകും.

60.7 സ്ത്രീകളുടെ നാടകവേദി, സ്ത്രീകൾ മുഖ്യനേതൃത്വം നൽകുന്ന സിനിമകൾ എന്നീ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകും

60.8 സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നത് തടയുന്ന നിയമം (Indecent Representation of Women Prohibition Act 1986) ഫലപ്രദമായി ഉപയോഗിക്കുന്നതിന് ആവശ്യമായ ഭേദഗതികൾക്ക് രൂപംനൽകും.

60.9 സെൻസർബോർഡ് നിയമങ്ങളുടെ കാര്യക്ഷമത പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കും.

60.10 പത്രമാസികകൾ, സിനിമ, ടി.വി, കലണ്ടറുകൾ, പരസ്യം തുടങ്ങിയവയിൽ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നത് കർശനമായി തടയും.

60.11 സ്ത്രീകൾ അനുഭവിക്കുന്ന അതിക്രമങ്ങൾക്ക് എതിരായ പ്രചരണത്തിനുള്ള വേദിയായി മാധ്യമങ്ങളെ ഉപയോഗപ്പെടുത്തും

60.12 മാധ്യമസ്ഥാപനങ്ങൾക്ക് ഒരു വനിതാനയം വേണമെന്ന് നിഷ്കർഷിക്കും.

60.13 മാധ്യമരംഗത്തേക്ക് കൂടുതൽ സ്ത്രീകൾ കടന്നുവരുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ഹ്രസ്വ കാല കോഴ്സുകൾ നടപ്പാക്കും

60.14 മാധ്യമങ്ങളിൽ വരുന്ന സ്ത്രീവിരുദ്ധ ആശയങ്ങൾ, പരസ്യങ്ങൾ, ചിത്രീകരണങ്ങൾ തുടങ്ങിയവ തടയുന്നതിനായി വനിതാകമ്മീഷന്റെ കീഴിൽ മാധ്യമമോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം ഫലപ്രദമാക്കും.

60.15 സ്ത്രീകളെ നന്നായി ചിത്രീകരിക്കുന്ന പരസ്യചിത്രങ്ങൾ, സീരിയൽ, സിനിമ മുതലായവയ്ക്ക് അവാർഡ് ഏർപ്പെടുത്തും.

60.16 വിവരസാങ്കേതികവിദ്യയിൽ സാധാരണ സ്ത്രീകൾക്ക് കൂടുതൽ അറിവും പ്രായോഗികജ്ഞാനവും ലഭിക്കുന്നതിന് അക്ഷയപദ്ധതി വിപുലീകരിക്കുകയും ആദിവാസിമേഖലയിലും മത്സ്യത്തൊഴിലാളി മേഖലയിലും ഐ.ടി. അവബോധപ്രവർത്തനങ്ങൾക്കുള്ള പരിപാടികൾ അക്ഷയകേന്ദ്രങ്ങളിലൂടെ നടപ്പാക്കുകയുംചെയ്യും.

# നിർവഹണം

61. സംസ്ഥാനത്ത് വനിതാവികസനത്തിന് പ്രത്യേക വകുപ്പ് രൂപീകരിക്കും. വകുപ്പ് രൂപീകരിക്കുന്നതുവരെ സാമൂഹ്യക്ഷേമ വകുപ്പ് തന്നെ സാമൂഹ്യക്ഷേമ-വനിതാ വികസന വകുപ്പ് എന്ന പേരിൽ പ്രവർത്തിക്കുകയും ഈ വകുപ്പിൽ വനിതാവികസന പരിപാടികളുടെ ഏകോപനത്തിനായി ഒരു സെൽ രൂപീകരിക്കുകയും ചെയ്യും. സർക്കാർ രൂപീകരിച്ചിട്ടുള്ള ജെൻഡർ അഡ്വൈസറി ബോർഡ് വനിതാനയത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകും.

62. വിവിധ വകുപ്പുകളിലെ പദ്ധതികളുടെ ലിംഗപദവി പരിഗണനയോടെയുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ ഓരോ വാർഷികപദ്ധതിയിലും പുതിയ നിർദ്ദേശങ്ങളും പരിഷ്ക്കരണങ്ങളും നിർദ്ദേശിക്കാൻ ജെൻഡർ ബോർഡിനെ ചുമതലപ്പെടുത്തും.

63. സംസ്ഥാന വനിതാ നയത്തിന്റെ ഭാഗമായി, അതിന്റെ കാര്യക്ഷമമായ ആവിഷ്ക്കരണത്തിന് അനുപൂരകമായി തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രാദേശിക വനിതാനയത്തിനും കർമ്മപരിപാടികൾക്കും രൂപംനൽകും.

64. സമൂഹത്തിൽ നിലനിൽക്കുന്ന പരമ്പരാഗത ലിംഗപദവി ധാരണകൾ തിരുത്തുന്നതിനും ലിംഗപദവി തുല്യതയുള്ള ഒരു സമൂഹം സൃഷ്ടിക്കുന്നതിനും ലക്ഷ്യംവയ്ക്കുന്ന വനിതാനയത്തിലെ കർമ്മപരിപാടികളുടെ ആസൂത്രണനിർവ്വഹണ പ്രക്രിയകളിൽ വനിതാസംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും പൗരസമൂഹത്തിന്റെയാകെയും പങ്കാളിത്തം ഉറപ്പാക്കും.

65. വനിതാനയത്തിലെ കർമപരിപാടികളുടെ നിർവ്വഹണത്തിൽ ആദിവാസി സ്ത്രീകൾ, പട്ടികജാതി സ്ത്രീകൾ, മത്സ്യതൊഴിലാളി സ്ത്രീകൾ തുടങ്ങിയ വിഭാഗങ്ങളുടെയും, വിധവകൾ, വയോജനങ്ങൾ തുടങ്ങി സവിശേഷ പരിഗണന അർഹിക്കുന്നവരുടെയും പങ്കാളിത്തത്തിനും ക്ഷേമത്തിനും മുന്നേറ്റത്തിനും മുഖ്യപരിഗണന നൽകും.

66. വർഷംതോറും വനിതാനയത്തിന്റെ നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കും.